കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6/1030/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-14,1-28 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.6/1030/2024 തീയ്യതി: 07/10/2024

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റ്റി അനിൽകുമാർ	ഡെപ്യൂട്ടി ഡയറക്ടർ	23-09-2024	01-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-09-2024	01-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാന്റി ജോർജ്, ഓഡിറ്റ് ഓഫീസർ

ശ്രീ.മഹേഷ് കുമാർ കെ.ആർ അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖാ ജനാർദ്ദനൻ അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനിത അനിൽകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി കനകമണി ബി	സെക്രട്ടറി	01-04-2023	07-07-2023
ശ്രീ സുരേഷ് എ	സെക്രട്ടറി	08-07-2023	26-08-2023
ശ്രീമതി മിനി മറിയം ജോർജ്ജ്	സെക്രട്ടറി	27-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മുഹമ്മദ് മഹദ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. അബിത മോൾ വി.ഒ	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	01-04-2023	04-07-2023
ഡോ. എസ്. ശബരി	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	05-07-2023	15-02-2024
ഡോ. എബിൻ തോമസ് മാത്യു	മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)	16-02-2024	31-03-2024
ഡോ. സീമ മുരളി	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	01-04-2023	17-08-2023
ഡോ. ദേവി ലക്ഷ്മി	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	18-08-2023	07-09-2023
ഡോ. ദീപ എൻ.ഡി	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	08-09-2023	31-03-2024
ഡോ.രാജു മാത്യു	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ മുത്തു സ്വാമി	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി രേണു ജോർജ്ജ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ ഷാജി തോമസ്	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീ പ്രശാന്ത് പി.വി	ഡെയറി ഫാം ഇന്സ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി രഞ്ജിനി പി.കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ഡോ. ശ്രീജിത്ത് റ്റി.ജി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	19-11-2023
ഡോ. ശാലിനി എസ്. നായർ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	20-11-2023	14-02-2024
ഡോ. നിരഞ്ജന. എൽ. മുരളി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	15-02-2024	31-03-2024
പ്രദീപ് കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ആതിര	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	01-04-2023	23-02-2024
ശ്രീമതി ധന്യ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1	24-02-2024	31-03-2024

ശ്രീ ജിത്തു രാജേഷ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ–2	01-04-2023	31-08-2023
ശ്രീമതി ലക്ഷ്മി വി എൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ–2	01-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല	1-1-3
5	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ഉൾപ്പെടുത്തിയില്ല	1-1-4
6	വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല	1-1-5
7	രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല- വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല	1-1-6
8	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-7
9	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-8
10	വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല	1-1-9
11	ബാദ്ധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല	1-1-10
12	സർവീസ് സെസ്സ് ഇനത്തിൽ തുക അവശേഷിക്കുന്നു	1-1-11
13	തൊഴിലുറപ്പ് പദ്ധതി ചെലവിനത്തിലെ തുക കൃത്യമല്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് ബാലൻസ് പരിശോധന	1-8
21	ആഭ്യന്തര നിയന്ത്രണം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	തൊഴിൽനികുതി പിരിവ് -അപാകങ്ങൾ	1-11
24	പെർമിറ്റ് നൽകിയതിലും അധികം മണ്ണെടുത്തു മാറ്റി - ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല	1-12
25	വസ്തു നികുതി കുടിശ്ശികയായി 26.14 ലക്ഷം രൂപ ഈടാക്കാനവശേഷിക്കുന്നു	1-13
26	മൊബൈൽ ടവറുകളുടെ വസ്തു നികുതിയായി 15.36 ലക്ഷം രൂപ ഈടാക്കാനവശേഷിക്കുന്നു.	1-14
27	വാടക പിരിവ് -അപാകങ്ങൾ	1-15
28	തനതു വരുമാനം പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു	1-16
29	അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.	1-17
30	കെട്ടിട നിർമ്മാണത്തിനു ഈടാക്കിയ അധിക പെർമിറ്റ് ഫീ തിരികെ നൽകേണ്ടതാണ്.	1-18
31	പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്	1-19
32	പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടഭാഗങ്ങൾ ക്രമവൽക്കരിച്ചില്ല	1-20
33	വിനോദനികുതി ഈടാക്കുന്നില്ല	1-21
34	ക്വാറിയുടെ കോർപ്പറേറ്റ് എൻവയോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല	1-22
35	കരാറുകാരനു രണ്ടു തവണ BDS ബിൽ തുക മാറി നൽകി	1-23
36	സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.	1-24

37	പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-25
38	യോഗനടപടികളുടെ മിനുട്ട്സ് അംഗീകരിക്കുന്നതിലെ കാലതാമസം	1-26
39	മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ 1.12 കോടി രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല	1-27
40	പൊതുടാപ്പുകൾ– സംയുക്തപരിശോധന നടത്തേണ്ടതാണ്	1-28
41	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു	1-29
42	അങ്കണവാടികൾ - അവലോകനം	1-30
43	ഭവന നിർമാണം - ഗുണഭോക്താക്കൾ നിർമാണം പൂർത്തിയാക്കിയില്ല	1-31
44	വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തിയാക്കിയില്ല	1-32
45	ഗുണഭോക്താക്കൾ പഠനമുറിനിർമ്മാണം പൂർത്തിയാക്കിയില്ല	1-33
46	ഗ്രാന്റുകളുടെ വിനിയോഗത്തിൽ കുറവ് - വരും വർഷത്തിൽ ഫണ്ട് ഷോർട്ട് ഫാളിന് കാരണമാകും	1-34
47	K.M.S.C.L ൽ നിന്നും മരുന്നു ലഭിക്കാനവശേഷിക്കുന്നു	1-35
48	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല	1-36
49	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേനാ പ്രവർത്തനം - അവലോകനം	1-37
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-7
8	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2024 ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 27.06.2024ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തിരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
07/10/2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല

ഐ എൽ ജി എം എസ് സോഫ്റ്റ്വെയറിൽ 04/24 മുതൽ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ഉൾപ്പെടുത്തിയില്ല

2023-24 സാമ്പത്തിക വർഷത്തിൽ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ പദ്ധതി (S0327/24) പ്രകാരം KSEB-ൽ നിക്ഷേപിച്ച ₹8902 Advance To Implementing Agencies-Deposit With KSEB എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

Advance To Implementing Agencies- Deposit With GWD (460500204) എന്ന ശീർഷകത്തിൽ 2023-24 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്തതായി ഉൾപ്പെടുത്തിയിരിക്കുന്ന തുകയും (₹1290902) വിവിധ നിക്ഷേപപ്രവൃത്തികൾ പ്രകാരം തൻവർഷം GWD-ൽ നിക്ഷേപിച്ചിട്ടുള്ള തുകയും(₹1282000) വ്യത്യാസപ്പെട്ടിരിക്കുന്നു.

1-1-5 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
രജിസ്റ്റർ	412350	348850	27500
വാർഷികധനകാര്യപത്രിക	341600	341600 (247100+94500 അഡ്വാൻസ്)	0

1-1-6 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ല- വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഇനങ്ങളിൽ അഡ്വാൻസ് നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. മുൻകൂറായി ലഭിക്കുന്ന തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈയിനത്തിലെ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ ഇടപാടുകൾ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. എല്ലാ ഡിമാന്റുകളും മാർച്ച് 31 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം&എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-19) Prior Period Income ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല

1-1-9 വരവ് രജിസ്റ്ററുകൾ ലെഡ്ജർ ബാലൻസുകളുമായി പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആയതിന്റെ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-1-10 ബാദ്ധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

ഷെഡ്യൂൾ ബി-17-ൽ പ്രത്യേക ഉദ്ദേശ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാദ്ധ്യതാ ശീർഷകം B-4-ൽ ഉൾപ്പെടുത്തിയില്ല. പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ ഫണ്ടിനായി (പൈക്ക) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 67090978699 നമ്പരായി അക്കൗണ്ട് നിലവിലുണ്ട്. 31.03.2024-ൽ ഈ അക്കൗണ്ടിൽ ₹364898

അവശേഷിക്കുന്നുണ്ട്. പ്രത്യേക ഉദ്ദേശ ഗ്രാന്റായി ലഭിച്ച ഈ തുക ഷെഡ്യൂൾ B-4-ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 സർവീസ് സെസ്സ് ഇനത്തിൽ തുക അവശേഷിക്കുന്നു

ഷെഡ്യൂൾ ബി-9 പ്രകാരം സർവീസ് സെസ്സ് ഇനത്തിൽ ₹826149 രൂപ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക മുൻവർഷത്തെ ബാലൻസ് ഷീറ്റിലും നിലനിന്നിരുന്ന തുകയാണ്. തുക അടവാക്കി ബാദ്ധ്യത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

1-1-12 തൊഴിലുറപ്പ് പദ്ധതി ചെലവിനത്തിലെ തുക കൃത്യമല്ല

തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവിനത്തിൽ 99160 അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പാസ്ബുക്ക് പ്രകാരം 1470000 രൂപയാണ് അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ ചെലവുള്ളത്. എന്നാൽ ഷെഡ്യൂൾ I-14(എഫ്) ൽ 1569160 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16.03.2023 തീയതിയിലെ (2) 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 258080448 രൂപ പ്രതീക്ഷിത വരവും 249808593 രൂപ പ്രതീക്ഷിത ചെലവും 8271855 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 14.03.2024 തീയതിയിലെ 6 (1) തീരുമാന പ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

ഇനം	റസീറ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം
മുന്നിരിപ്പ്	48682626	
ഓഡിറ്റ് വർഷത്തെ വരവ്	62885128	118794606
ആകെ വരവ്	111567754	
ഓഡിറ്റ് വർഷത്തെ ചെലവ്	56943943	111972376
നീക്കിയിരിപ്പ്	54623811	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് ₹	അലോട്ട്മെന്റ്/ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്-പൊതു വിഭാഗം	-	16521000	16521000	12311951	-
വികസന ഫണ്ട്-എസ്.സി.പി.	-	4110000	4110000	2036693	-
വികസന ഫണ്ട്-റ്റി.എസ്.പി.	-	318220	318220	157896	-
കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്)	650729	2959797	3610526	1286788	2323738
കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്)	7846066	2052000	9898066	3644199	6253867
സംരക്ഷണ ഗ്രാന്റ്-റോഡ്	-	11252000	11252000	5560541	-
സംരക്ഷണ ഗ്രാന്റ്-റോഡിതരം	-	2494000	2494000	2405197	-
ഹെൽത്ത് ഗ്രാന്റ്	352543	0	352543	352543	
ശുചിത്വമിഷൻ ഗ്രാന്റ്	547685	50000	597685	0	597685
ഐ.സി.ഡി.എസ്	1823695	1334136	3157831	651313	2506518
എം.ജി.എൻ. ആർ.ജി.എസ്	5207	18751004	18756211	18743059	13152
പൈക്ക	365547	0	365547	649	364898
ശബരിമല ഗ്രാന്റ്	1196982	106761	1303743	293811	1009932
Rural - Housing For All	0	2400000	2400000	1920000	480000
സ്വച്ഛ ഭാരത് അഭിയാൻ	0	347480	347480	347480	0

ഹെൽത്ത് ഗ്രാന്റ് (PHC)	111984	379185	491169	80000	411169
ഹെൽത്ത് ഗ്രാന്റ്(Infrastructure)	240559	901801	1142360	0	1142360

ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻവർഷം 9 ഗഡുക്കളിലായി 11246400 (1249600x9) രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	585232
വികസന ഫണ്ട്-ജനറൽ	അങ്കണവാടി അധിക വേതനം	1357800
വികസന ഫണ്ട്-എസ്.സി.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	225347
വികസന ഫണ്ട്-റ്റി.എസ് .പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	27899

2) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3) 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി), ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) എന്നീ ഫണ്ടുകൾ നിശ്ചിത 80% പരിധിയിൽ കൂടുതൽ ചെലവഴിക്കാനായില്ല. തൻമൂലം ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടമാകുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഖ.1-34 ആയി ചേർത്തിട്ടുണ്ട്.

4) 2022-23 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഇനത്തിലെ നീക്കിയിരിപ്പ് 7846066/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിലെ നീക്കിയിരിപ്പ് 650729/-രൂപയുമാണ്. അവയുടെ തൻവർഷ വരവു ചെലവുകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അങ്കണവാടി എസ്.എൻ.പി വിഹിതം ഇനത്തിൽ തെറ്റായി അക്കൗണ്ടിൽ വന്ന 1103376/- രൂപയും അതിന്റെ പലിശയിനത്തിലെ 25372/- രൂപയും ഉൾപ്പെടെ 1128748/- രൂപ ചെക്ക് നം.31062/29.12.2023 പ്രകാരം എസ്.എൻ.പി വിഹിതം സൂക്ഷിക്കുന്ന തനതുഫണ്ട് അക്കൌണ്ടിലേയ്ക്ക് മാറ്റിയത് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അക്കൗണ്ടിൽ നിന്നുള്ള ചെലവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖാ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

CFC (TIED GRANT)					
ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	0	2052000	2052000	2320017	-268017
ILGMS പ്രകാരം	7846066	2052000	9898066	3644199	6253867
CFC (UNTIED GRANT)					
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	0	2736000	2736000	1096119	1639881
ILGMS പ്രകാരം	650729	2959797	3610526	1286788	2323738

പി എഫ് എം എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം. ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ 223797 രൂപയും ഉൾപ്പെടുന്നുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	പൂർണ്ണമായും നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)

(എണ്ണം)		(എണ്ണം)			
295	106980887	133	35618989	3	159

2. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും

മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവിന്റെ ശതമാനം
ഉൽപ്പാദനം	6853750	3968889	57.9
സേവനം	66565694	23176576	34.8
പശ്ചാത്തലം	35291943	8473524	24

3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	5	3	965000	839586
2	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	13	4	4524767	1263113
3	കൃഷി ഓഫീസർ	13	10	3003750	1712428
4	സെക്രട്ടറി	65	36	12803420	6753659
5	വെറ്ററിനറി സർജൻ	8	7	2267000	1913542
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21	11	24320146	10112409
7	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11	8	5141645	3635186
8	ഡയറിഫാം ഇൻസ്ട്രക്ടർ	1	1	700000	379815
9	അസിസ്റ്റന്റ് സെക്രട്ടറി	13	7	2319395	626684
10	ഹെഡ്മാസ്റ്റർ	7	4	1818000	510077
11	അസിസ്റ്റന്റ് എഞ്ചിനീയർ	134	39	48777764	7588426
12	മെഡിക്കൽ ഓഫീസർ, (ഹോമിയോ)	3	2	300000	276064
13	ഫിഷറീസ് ഓഫീസർ	1	1	40000	8000
	ആകെ	295	133	106980887	35618989

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നെങ്കിലും ഫണ്ടിന്റെ വിനിയോഗം കുറവായിരുന്നു. ഭൂരിഭാഗം പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും ക്യൂ ബില്ലിൽ ആയതിനെത്തുടർന്ന് വികസനഫണ്ട്, സംരക്ഷണഫണ്ട് എന്നിവ ചെലവഴിക്കാൻ സാധിച്ചില്ല. നിശ്ചിത ചെലവ് ശതമാന പരിധി എത്താതിരുന്നതിനാൽ, തുടർന്നുള്ള വർഷം വികസന ഫണ്ട്, റോഡ്/റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവയിൽ ഷോർട്ട്ഫാൾ വരും. ആവശ്യം സംബന്ധിച്ച് പഠനം നടത്താതെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായം തേടാതെയും തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാനാവാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മുഖേന നിർവ്വഹണം നടത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പല പ്രോജക്ടുകളും നടപ്പായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/24-9-2024) ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു.

പ്രോജക്ട്	അടങ്കൽ തുക	നടപ്പാക്കാതിരുന്നതിന്റെ കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് സൗകര്യം ഏർപ്പെടുത്തൽ (226/24)	236447	കെട്ടിടം അൺഫിറ്റാണ്. കെട്ടിടത്തിൽ ലാബ് സൗകര്യം ഏർപ്പെടുത്താനുള്ള സ്ഥലമില്ല.
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (312/24)	889000	കെട്ടിടം അൺഫിറ്റാണ്. കെട്ടിടത്തിൽ ലാബ്സൗകര്യം ഏർപ്പെടുത്താനുള്ള സ്ഥലമില്ല.
അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ- മരുന്ന് വാങ്ങൽ (288/24)	150000	നാമമാത്രമായ ഗുണഭോക്താക്കൾക്ക് നൽകാനുള്ള മരുന്ന് മുൻ വർഷം വാങ്ങിയത് സ്റ്റോക്കിലുണ്ട്. ആയത് വിതരണം ചെയ്തുവരുന്നു.

പി.എച്ച്.സി.യിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി(150/24)	40000	സ്ഥാപനത്തിലെ കമ്പ്യൂട്ടറുകൾക്ക് നിലവിൽ വാറന്റി ഉള്ളതാണ്. ആയതിനാൽ പദ്ധതി ഉപേക്ഷിക്കാൻ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്.
ആരോഗ്യജാഗ്രതാപദ്ധതി (332/24)	75600	ഡിപ്പാർട്ട്മെന്റ് ഫണ്ട് ലഭ്യമായതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗമുണ്ടായില്ല.

പഞ്ചായത്തിലെയും ഘടക സ്ഥാപനങ്ങളിലെയും ആവശ്യങ്ങൾ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	17259907	17259907	17259907	-
ഭരണ ചെലവ്	5207	1477945	1483152	1470000	13152
ആകെ	5207	18737852	18743059	18729907	13152

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	23805100	2230
കർഷകത്തൊഴിലാളി പെൻഷൻ	745600	58
വിധവാ പെൻഷൻ	9216900	871
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	163200	15
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	3091800	283
തൊഴിൽരഹിത വേതനം	0	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2024 തീയതിയിൽ 2.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7347/- (ഏഴായിരത്തി മുന്നൂറ്റി നാൽപ്പത്തിയേഴ് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ആഭ്യന്തര നിയന്ത്രണം സംബന്ധിച്ചുള്ള ഓഡിറ്റിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

- ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.
- ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്റർ പരിപാലിക്കുന്നില്ല.
- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിലെ വർഷാന്ത്യ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
- സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി-2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി

സൂക്ഷിക്കേണ്ടതാണ്.

- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- വായ്പാ രജിസ്റ്റർ മതിയായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല. ലഭ്യമായ വായ്പയുടെ വിവരം, തിരിച്ചടച്ച തുകയുടെ വിവരം, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വായ്പത്തുക തിരിച്ചടക്കാനുള്ളത് സംബന്ധിച്ച് സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	29.01.2014-12.02.2014	2008-09 മുതൽ 2012-13 വരെ	09.06.2014
പെർഫോമൻസ് ഓഡിറ്റ്	09.03.2022- 11.03.2022	04/2021 മുതൽ 12/2021 വരെ	11.03.2022

1-11 തൊഴിൽനികുതി പിരിവ് -അപാകങ്ങൾ

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ഗ്രാമപ്പഞ്ചായത്തിലെ 38 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽനികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റിട്ടേണുകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/30.09.2024) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങൾക്ക് അടിയന്തര നോട്ടീസ് നൽകി കുടിശ്ശികയുള്ള തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് നമ്പർ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	2023-24
1	എം.ജി.എൻ.ആർ.ഇ.ജി.എസ്, റാന്നി പഴവങ്ങാടി	ഒന്ന്, രണ്ട് അർദ്ധവർഷം
2	ഗവ.എൽ.പി.എസ്, വട്ടാർക്കയം	രണ്ടാം അർദ്ധവർഷം
3	റബർ ബോർഡ് റീജിയണൽ ഓഫീസ്,ചേത്തയ്ക്കൽ	ഒന്ന്, രണ്ട് അർദ്ധവർഷം
4	ബിവറേജസ് ഔട്ട്ലെറ്റ്, റാന്നി പഴവങ്ങാടി	ഒന്നാം അർദ്ധവർഷം
5	സി.എം.എസ്. യു.പി.എസ്, പൂഴിക്കുന്ന്	ഒന്ന്, രണ്ട് അർദ്ധവർഷം
6	എൻ.എസ്. എസ്. എച്ച്. എസ്, മക്കപ്പുഴ	ഒന്നാം അർദ്ധവർഷം
7	സി.എം.എസ് കമ്മ്യൂണിറ്റി യു.പി.എസ്, റാന്നി	ഒന്നാം അർദ്ധവർഷം

8	വളഞ്ഞംതുരുത്തിൽ ഫിനാൻസിയേഴ്സ്, റാന്നി പഴവങ്ങാടി	ഒന്ന്, രണ്ട് അർദ്ധവർഷം
9	ഇൻഡസ് ഇൻഡ് ബാങ്ക്, റാന്നി പഴവങ്ങാടി	ഒന്ന്, രണ്ട് അർദ്ധവർഷം
10	സതേൺ റോക്സ്, വാകത്താനം	ഒന്ന്, രണ്ട് അർദ്ധവർഷം
11	റിലയന്റ് ക്രെഡിറ്റ്സ് ഇന്ത്യ ലിമിറ്റഡ്, മാമുക്ക്	ഒന്നാം അർദ്ധവർഷം
12	ബ്രാൻ ബീസ് സൊലൂഷൻസ്, റാന്നി പഴവങ്ങാടി	ഒന്നാം അർദ്ധവർഷം
13	ഷോപ്പ് എൻ സേവ്, റാന്നി	രണ്ടാം അർദ്ധവർഷം
14	മാസ്റ്റേഴ്സ് അക്കാദമി, ഇട്ടിയപ്പാറ	രണ്ടാം അർദ്ധവർഷം
15	അശ്വിനി ഹോസ്പ്റ്റൽ, റാന്നി പഴവങ്ങാടി	ഒന്നാം അർദ്ധവർഷം
16	സെന്റ് മേരീസ് സൂപ്പർമാർക്കറ്റ്, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
17	റ്റിൽജിൻ വൈൽഡ് തീം, മക്കപ്പുഴ റാന്നി	ഒന്ന്, രണ്ട് അർദ്ധവർഷം
18	റ്റോഡി ഷോപ്പ്, പ്ലാച്ചേരി	ഒന്നാം അർദ്ധവർഷം
19	പെർഫെക്റ്റ് വീൽസ്, ചെത്തോങ്കര	ഒന്ന്, രണ്ട് അർദ്ധവർഷം
20	ഗ്രെയ്സ് സർവീസ് സ്റ്റേഷൻ, മടത്തുംപടി, റാന്നി	ഒന്ന്, രണ്ട് അർദ്ധവർഷം
21	കടക്കേത്ത് വെഹിക്കിൾ മാർട്ട്, മടത്തുംപടി, റാന്നി	ഒന്ന്, രണ്ട് അർദ്ധവർഷം
22	എം & ജി ഇമിഗ്രേഷൻ & സ്റ്റഡി സെന്റർ, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
23	ഹോമിയോപ്പതിക്ക് സെന്റർ, റാന്നി പഴവങ്ങാടി	രണ്ടാം അർദ്ധവർഷം
24	ഭാരത് ടെക്സ്റ്റയിൽസ്, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
25	ഹോട്ടൽ യുവറാണി, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
26	എൻസ് ഫ്യൂവൽസ്, മാമുക്ക്, റാന്നി	ഒന്ന്, രണ്ട് അർദ്ധവർഷം
27	പോത്തൻസ് ഐ കെയർ, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
28	ചിങ്കൂസ് സിൽക്സ്, ഇട്ടിയപ്പാറ	ഒന്നാം അർദ്ധവർഷം
29	മാഗ്നസ്, റാന്നി	ഒന്ന്, രണ്ട് അർദ്ധവർഷം
30	മോർഫ് ഗ്യാരേജ്, ചെത്തോങ്കര	രണ്ടാം അർദ്ധവർഷം
31	അലൻ &ഹാബർ ഐ ഹോസ്പിറ്റൽ, റാന്നി	രണ്ടാം അർദ്ധവർഷം
32	മാർവൽ മാറ്റ്ട്രസ്സസ്, റാന്നി പഴവങ്ങാടി	രണ്ടാം അർദ്ധവർഷം
33	മണിരത്ന ഫിനാൻസ്, മാമുക്ക്	രണ്ടാം അർദ്ധവർഷം
34	മിനീസ് ബേബി കെയർ, ഇട്ടിയപ്പാറ	രണ്ടാം അർദ്ധവർഷം
35	എക്സൽ ഫിനാൻസ്, റാന്നി പഴവങ്ങാടി	രണ്ടാം അർദ്ധവർഷം
36	മാസ്റ്റേഴ്സ് ഇന്റർനാഷണൽ, ഇട്ടിയപ്പാറ	രണ്ടാം അർദ്ധവർഷം
37	ബെഥേൽ ഹോളോബ്രിക്സ്, മാമുക്ക്	ഒന്നാം അർദ്ധവർഷം
38	ചോളമണ്ഡലം ഇൻവെസ്റ്റ് & ഫിനാൻസ് കോ.ലിമിറ്റഡ്, മാമുക്ക്	ഒന്നാം അർദ്ധവർഷം

2. സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

ഗ്രാമപ്പഞ്ചായത്തിലെ 12 സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല. രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽനികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റിട്ടേണുകൾ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 31/30.09.2024) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി കുടിശ്ശികയുള്ള തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് നമ്പർ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	കാലയളവ്
1	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റാന്നി	ഒന്നാം അർദ്ധവർഷം
2	കേരള ഗ്രാമീൺ ബാങ്ക്, റാന്നി പഴവങ്ങാടി	രണ്ടാം അർദ്ധവർഷം
3	മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, റാന്നി	രണ്ടാം അർദ്ധവർഷം
4	മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്, റാന്നി	ഒന്നാം അർദ്ധവർഷം

5	വളഞ്ഞംതുരുത്തിൽ ഫിനാൻസിയേഴ്സ്, മാമുക്ക്	ഒന്ന്, രണ്ട് അർദ്ധവർഷം
6	ഇൻഡസിൻഡ് ബാങ്ക്, മാമുക്ക്	ഒന്ന്, രണ്ട് അർദ്ധവർഷം
7	ഐ സി ഐ സി ഐ ബാങ്ക്, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം
8	മുളമൂട്ടിൽ ഫിനാൻസ്, മക്കപ്പുഴ	ഒന്ന്, രണ്ട് അർദ്ധവർഷം
9	മുളമൂട്ടിൽ ഫിനാൻസ്, റാന്നി പഴവങ്ങാടി	ഒന്ന്, രണ്ട് അർദ്ധവർഷം
10	മുളമൂട്ടിൽ ഫിനാൻസ്, ഇടമൺ	ഒന്ന്, രണ്ട് അർദ്ധവർഷം
11	മുളമൂട്ടിൽ ഫിനാൻസ്, മന്ദമരുതി	ഒന്ന്, രണ്ട് അർദ്ധവർഷം
12	മുളമൂട്ടിൽ ഫിനാൻസ്, ഇട്ടിയപ്പാറ	ഒന്ന്, രണ്ട് അർദ്ധവർഷം

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, അക്ഷയ കേന്ദ്രങ്ങൾ, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ എന്നിവയിലെ ജീവനക്കാരിൽ നിന്നും, ഗ്രാമപ്പഞ്ചായത്തിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/30.09.2024) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്കും കരാറുകാർക്കും നോട്ടീസ് നൽകി കുടിശ്ശികയുള്ള തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് നമ്പർ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

തൊഴിൽനികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും ആയത് ഈടാക്കുന്നതിനും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-12 പെർമിറ്റ് നൽകിയതിലും അധികം മണ്ണെടുത്തു മാറ്റി - ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല

2023-24 സാമ്പത്തിക വർഷത്തെ ധാതു ഗാതാഗത പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ശ്രീമതി റേച്ചൽ സണ്ണി എന്നയാൾക്ക് ഭവന നിർമ്മാണത്തിനായി 1958.26 M^3/3916 ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട് എന്നു കണ്ടു (ILGMS ഫയൽ നം. 400362/BPRP01/GPO/2023/4474. തീയതി 25.07.2023). കെട്ടിടത്തിന്റെയും സൈറ്റിന്റെയും പ്ലാനുകൾ പ്രകാരം രണ്ടു വീടുകൾ നിർമ്മിക്കുന്നതിനായിരുന്നു പെർമിറ്റ് നൽകിയിരുന്നത് എന്നു വ്യക്തമായിട്ടുണ്ട്. എന്നാൽ വീട് നിർമ്മിക്കുന്നതിനുവേണ്ടി നീക്കം ചെയ്യേണ്ട അളവിലും കൂടുതൽ മണ്ണ് എടുത്തു മാറ്റുന്നതിനാണ് ധാതു ഗാതാഗത പെർമിറ്റ് നൽകിയത്. അനുവദിച്ചതിലും കൂടുതൽ അളവിൽ മണ്ണ് എടുത്തു മാറ്റിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 30.09.2024 ൽ നടത്തിയ സൈറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ധാതു ഗതാഗത പെർമിറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര് , വിലാസം	നിർമ്മിക്കാൻ അനുവദിച്ച വീടിന്റെ വിവരം	എടുത്തു മാറ്റാൻ അനുവദിച്ച മണ്ണിന്റെ അളവ്	അടവാക്കിയ റോയൽറ്റി
റേച്ചൽ സണ്ണി, ഊനേത്ത് വീട്, ഈട്ടിച്ചുവട് P.O, റാന്നി.	Construction No-1 Area- 164 M2 Construction No-2 Area- 157 M2 ആകെ - 321 M2	1958.26 M3 (3916 ടൺ)	₹156640

വലിയ മല ഇടിച്ച്, മധ്യത്തിലൂടെ വഴി നൽകി, പ്ലോട്ടു തിരിച്ച് ഭൂമി വിൽക്കുന്നതായി നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരം 32.76 മീറ്റർ വഴിയുടെ ആദ്യ ഭാഗത്ത് ഇടത്തു വശത്ത് ഒന്നാമത്തെ കെട്ടിടവും, വലതു വശത്തു രണ്ടാമത്തെ കെട്ടിടവും നിർമ്മിക്കുന്നതിനായിരുന്ന പെർമിറ്റ് നൽകിയിരുന്നത്. എന്നാൽ വഴിയുടെ നീളം കൂട്ടി, സൈറ്റിൽനിന്നും അധിക അളവിൽ അനധികൃതമായി മണ്ണെടുത്തു മാറ്റി പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. നിലവിൽ ഒരു വീട് പൂർത്തീകരിച്ചതായും രണ്ടാമത്തെ വീട് പ്ലോട്ടിന്റെ ഉയർന്ന ഭാഗത്ത് നിർമ്മിക്കുന്നതായും കണ്ടു. നിർമ്മിക്കുന്ന ഈ വീടിനു പെർമിറ്റ് നൽകിയിരുന്നില്ല. പൂർത്തിയാക്കിയ വീട് വിൽക്കുന്നതിനുള്ള ബോർഡ് സൈറ്റിൽ സ്ഥാപിച്ചിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് കച്ചവടത്തിനായി അനധികൃതമായി കുന്നിടിച്ച മണ്ണ് മാറ്റിയതായാണ് കണ്ടത്.

Kerala Minor Mineral Concession (Amendment) Rules-2023, പ്രകാരം, തദ്ദേശ സ്ഥാപനത്തിനു ഷെഡ്യൂൾ - 1 ലെ ഇനം 3 പ്രകാരമുള്ള സാധാരണ മണ്ണിനുള്ള Movement Permit [Form-S]-ഉം Mineral Transit Passes [Form O(A)]-ഉം ആണ് നൽകാനാകുക (കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.ft. വരെയുള്ള (278.7m^2) കെട്ടിട നിർമ്മാണത്തിനുവേണ്ടി സാധാരണ മണ്ണ് ട്രാൻസിറ്റ് ചെയ്യുന്നതിന്).

അംഗീകൃത പ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമേ കുഴിച്ചെടുക്കുകയുള്ളൂവെന്നും ട്രാൻസ്പോർട്ട് ചെയ്യുകയുള്ളൂവെന്നും അംഗീകൃത കെട്ടിട പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തുമെന്നും Movement പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തി സ്റ്റാമ്പ് പേപ്പറിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത രേഖ (Form-T) ഇതിനായി അപേക്ഷകൻ സമർപ്പിച്ചിരുന്നു. പെർമിറ്റഡ് ഏരിയയിലും അധികമായി മണ്ണെടുത്തിട്ടുണ്ടെങ്കിലോ പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികം മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിനു അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണെന്ന് ചട്ടം 14(8)-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

KMMC റൂൾ 14 (I)(a) പ്രകാരം മണ്ണ് എടുത്തു മാറ്റേണ്ട ഏരിയ മാർക്ക് ചെയ്യേണ്ടതും മാർക്ക് ചെയ്ത ഏരിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയ + കെട്ടിടത്തിനു വേണ്ട തുറന്ന സ്ഥലം (Open Space)-ൽ കൂടുതലാകാനും പാടില്ല. സുരക്ഷാ വ്യവസ്ഥകളും ഡ്രൈവ് എവേ ഏരിയയും ഇതിൽ ഉൾപ്പെടുന്നു. അതിനാൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. 1.5m ആഴത്തിൽ മണ്ണ് എടുത്തു മാറ്റുന്ന പക്ഷം 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 10(3) പ്രകാരമുള്ള സുരക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

സൈറ്റിൽ നിന്നും അനധികൃതമായി എടുത്തു മാറ്റിയ മണ്ണിന്റെ അളവിനു ആനുപാതികമായി അഞ്ചിരട്ടി റോയൽറ്റി അടപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് നൽകിയ ഏരിയയിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ റോയൽറ്റിയായി അടച്ച തുകയായ ₹156640 രൂപയുടെ അഞ്ച് ഇരട്ടി തുകയായ **₹7,83,200 രൂപ പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാകുന്നതാണ്.** ആ തുകയും ഈടാക്കേണ്ടതാണ്. സൈറ്റിൽ അനധികൃതമായി രണ്ടാമതൊരു കെട്ടിട നിർമ്മാണം നടത്തുന്നതായി കണ്ടിട്ടുണ്ട്. ഈ കെട്ടിടത്തെ ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി മണ്ണ് കടത്തിയ വിഷയം ജില്ലാ ജിയോളജിസ്റ്റിനെ തുട ർനിയമനടപടികൾക്കായി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/30.09.2024) ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ സെക്രട്ടറിയോ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും അധികമായി കടത്തിയ മണ്ണിന്റെ അളവും റോയൽറ്റി തുകയും നിർണ്ണയിച്ച് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. സർക്കാരിനു ലഭിക്കേണ്ട തുകയായതിനാൽ ഈ വിഷയത്തിലെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കുവാൻ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി കുടിശ്ശികയായി 26.14 ലക്ഷം രൂപ ഈടാക്കാനവശേഷിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തുനികുതിയുടെ DCB (Demand Collection Balance) സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, കുടിശ്ശികയിനത്തിൽ 26.14 ലക്ഷം രൂപ ഈടാക്കാനുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ
2676464	8740200	11416664	1167458	7634860	8802318	1509006	1105340	2614346

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ B-15) വസ്തു നികുതി കുടിശ്ശികയായി 43.21 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ട് കോഡ്	ഇനം	കുടിശ്ശിക തുക (₹)
431100101	Receivables For Property Tax On Residential Buildings (Current)	374591
431100102	Receivables For Property Tax On Residential Buildings (Arrears)	1085240
431100103	Receivables For Property Tax On Non-Residential Buildings (Current)	695216
431100104	Receivables For Property Tax On Non-Residential Buildings (Arrears)	2166086
ആകെ		**4321133**

വാർഷിക കണക്കുകൾ പ്രകാരം 43.21 ലക്ഷം രൂപ വസ്തു നികുതി കുടിശ്ശികയുള്ളപ്പോൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 26.14 ലക്ഷം രൂപ മാത്രമേ കാണിച്ചിട്ടുള്ളൂ. യഥാസമയം വരവുകൾ പോസ്റ്റ് ചെയ്യുന്നതിലോ ഡിമാന്റ് കണക്കുകളിലോ ഉള്ള അപാകത മൂലമാണിത്. ഡിസിബി കണക്കുകളിലെ വൈരുദ്ധ്യവും വസ്തുനികുതി കുടിശ്ശികയും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/01.10.2024) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. വസ്തുനികുതിയിലെ ഭീമമായ കുടിശ്ശിക ഈടാക്കുന്നതിനു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതിയായി 15.36 ലക്ഷം രൂപ ഈടാക്കാനവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള BSNL, റിലയൻസ്, ടാറ്റ മൊബൈൽ ടവർ എന്നിവരിൽ നിന്നും വലിയ തോതിൽ വസ്തു നികുതി ഈടാക്കാനുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വിവരങ്ങൾ പ്രകാരം 15.36 ലക്ഷം രൂപയാണ് വിവിധ ടവർ കമ്പനികളിൽ നിന്നും ഈടാക്കാനവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മൊബൈൽ ടവറിന്റെ വിശദാംശങ്ങൾ	കുടിശ്ശിക കാലയളവ്	വസ്തു നികുതി കുടിശ്ശിക. (പിഴ പലിശ ഉൾപ്പെടെ)
1	2/269, പത്മകുമാർ (ബി എസ് എൻ എൽ ടവർ) (പുലരി, മക്കപുഴ, മക്കപ്പുഴ പി ഒ, 689676)	2017-18 മുതൽ 2023-24 വരെ	28116
2	2/600, ബോബൻ റ്റി മണി, BSNL	2013-14 മുതൽ 2023-24 വരെ	97703
3	3/539, ബോബൻ റ്റി മണി, BSNL	2013-14 മുതൽ 2023-24 വരെ	130270
4	3/581, സബ് ഡിവിഷണൽ എഞ്ചിനീയർ, BSNL	2020-21 മുതൽ 2023-24 വരെ	71991
5	8/532, മാനേജർ, BSNL	2022-23 മുതൽ 2023-24 വരെ	39566
	9/530, മാനേജർ(ഇൻഡസ് ടവർ ലിമിറ്റഡ്(ഷെൽട്ടർ നം 2) 1013577, ആനത്തടം, പഴവങ്ങാടി പി ഒ, റാന്നി, റാന്നി പഴവങ്ങാടി പി ഒ, 689673)	2023-24	14472

	9/531, മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ്(ഷെൽട്ടർ നം 2) 1013577, ആനത്തടം, പഴവങ്ങാടി പി ഒ, റാന്നി,റാന്നി പഴവങ്ങാടി പി ഒ, 689673)	2023-24	6946
6	11/233, സബ് ഡിവിഷണൽ എഞ്ചിനീയർ, BSNL	2013-14 മുതൽ 2023-24 വരെ	179122
7	13/626, മാനേജർ, BSNL	2013-14 മുതൽ 2023-24 വരെ	109917
8	13/773, മാനേജർ, BSNL	2013-14 മുതൽ 2023-24 വരെ	64303
	13/773 A, മാനേജർ, BSNL	2018-19 മുതൽ 2023-24 വരെ	51238
	13/773 B, മാനേജർ, BSNL	2018-19 മുതൽ 2023-24 വരെ	26644
9	14/812- ടാറ്റ മൊബൈൽ ടവർ	2013-14 മുതൽ 2023-24 വരെ	716484
	ആകെ		**1536772**

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശവും റവന്യൂ റിക്കവറി നടത്തിയതിന്റെ ഫയലുകളും ഓഡിറ്റിനു ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.26/26.09.2024) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഈടാക്കേണ്ടതും ഇതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-15 വാടക പിരിവ് -അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് (19 മുറികൾ), പുതിയ ഷോപ്പിംഗ് കോംപ്ലക്സ് (2 മുറികൾ), ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് (31 മുറികൾ) എന്നിവയുൾപ്പെടെ 52 മുറികളാണുള്ളത്. ഇതിൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം.8 ഫ്രണ്ട് ഓഫീസായി പ്രവർത്തിക്കുന്നു.

2023-24 വർഷത്തെ വാടക പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു,

1. വാടക ഈടാക്കാനവശേഷിക്കുന്നു

വാർഷികധനകാര്യപത്രിക പ്രകാരം വാടക കുടിശ്ശികയിനത്തിൽ 97822 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കടമുറി നം. (വാർഡ് നം/കെട്ടിട നം.)	വാടകക്കാരന്റെ പേര്	പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക
1	പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.7	പി കെ അജയകുമാർ, കാർത്തിക	45852
2	ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.24	വി കെ സജി, വയലിൽ	51970

തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. വാടക നിർണ്ണയിച്ചതിലും ഈടാക്കിയതിലും കുറവുണ്ടായി

വാടക രജിസ്റ്റർ, രസീതുകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് ഏതാനും കടമുറികളുടെ വാടക നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നമ്പർ 10 ന്റെ തൻവർഷ വാടക നിർണ്ണയിച്ചതിൽ കുറവുണ്ടായതായി കാണുന്നു. മുൻവർഷ വാടകയ്ക്ക് 5% വർദ്ധനവ് വരുത്തിയാണ് തൻവർഷ വാടക നിശ്ചയിക്കേണ്ടിയിരുന്നത്. ഇതു പ്രകാരം കടമുറി നമ്പർ 10-ന്റെ തൻവർഷത്തെ പ്രതിമാസവാടക ₹2894 (മുൻവർഷവാടകയായ ₹2756-ന് 5% വർദ്ധനവ് വരുത്തിയ തുക) ആയി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ ₹2864 ആണ് തൻ വർഷവാടകയായി നിശ്ചയിച്ച് ഈടാക്കിയിട്ടുള്ളത്. പ്രതിമാസ വാടക നിർണ്ണയത്തിൽ ₹30 കുറവുണ്ടായിട്ടുണ്ട്.

ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നമ്പർ 15 ന്റെ തൻവർഷവാടക ഈടാക്കിയതിൽ കുറവുണ്ടായതായി

കാണുന്നു. മുൻവർഷവാടകയ്ക്ക് 5% വർദ്ധനവ് വരുത്തി ₹1617 യാണ് തൻവർഷവാടക നിശ്ചയിച്ചിരുന്നത്. ജി എസ് ടി ഉൾപ്പെടെ ₹1909 ഈടാക്കേണ്ടതിനു പകരം 04/23-ൽ 1850 രൂപയും 05/23 മുതൽ 08/23 വരെയുള്ള 4 മാസങ്ങളിൽ ₹1818 രൂപ വീതവുമാണ് ഈടാക്കിയിട്ടുള്ളത്. ഈടാക്കാനവശേഷിക്കുന്ന ₹423 ഈടാക്കി അറിയിക്കേണ്ടതാണ്.

സി) പുതിയ ഷോപ്പിംഗ് കോംപ്ലക്സ് III കടമുറിയുടെ തൻവർഷവാടക നിർണ്ണയിച്ചതിൽ കുറവുണ്ടായതായി കാണുന്നു. മുൻവർഷവാടകയ്ക്ക് 5% വർദ്ധനവ് വരുത്തിയാണ് തൻവർഷവാടക നിശ്ചയിക്കേണ്ടിയിരുന്നത്. ആയതനുസരിച്ച് ഈ കടമുറിയുടെ തൻവർഷത്തെ പ്രതിമാസവാടക ₹12973 (മുൻവർഷവാടകയായ ₹12355-ന് 5% വർദ്ധനവ് വരുത്തിയ തുക) ആയി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ ₹12327 ആണ് തൻവർഷവാടകയായി നിശ്ചയിച്ച് ഈടാക്കിയിട്ടുള്ളത്. പ്രതിമാസ വാടക നിർണ്ണയത്തിൽ ₹646 കുറവുണ്ടായിട്ടുണ്ട്.

വാടക നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ടായതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/25.09.2024) അവശേഷിക്കുന്ന തുക വാടകക്കാരിൽ നിന്നും ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

വാടക ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ 04, 08, 12, 14, 26, 27, Recreation Club-2, Recreation Club-3 എന്നീ കടമുറികൾ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ 11 എന്നിവ തൻവർഷം വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടന്നതായി ശ്രദ്ധയിൽപ്പെട്ടു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/25.09.2024) മറുപടിയായി, ഈ മുറികൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ വാടകയ്ക്ക് എടുക്കാൻ ആളുകൾ തയ്യാറാകുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത് ഉപയോഗയോഗ്യമാക്കി കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

വാടകപിരിവുമായി ബന്ധപ്പെട്ട് തൻവർഷത്തെ വാടക വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിൽ കടമുറികൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും വാടക അടവാക്കിയതിന്റെ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാടകകുടിശ്ശികയിനത്തിലുള്ള തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1-16 തനതു വരുമാനം പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

നികുതിദായകർ പഞ്ചായത്തിലേയ്ക്ക് ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയേതര വരുമാനം സൂക്ഷിക്കുന്നതിനായി എസ്.ബി.ഐ-റാന്നി ശാഖയിൽ ഇ-പേയ്മെന്റ് അക്കൗണ്ട് പരിപാലിക്കുന്നുണ്ട്. ഇത് കറണ്ട് അക്കൗണ്ടായതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. 31.03.2024 തീയതിയിൽ ഈ അക്കൗണ്ടിൽ 3582606 രൂപ അവശേഷിക്കുന്നുണ്ട്. 21.07.2023 തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/20073/2023-ആർഇവി2 നമ്പർ സർക്കുലർ പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി മാത്രമുപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺസിലേഷൻ നടത്തി നിലവിലുള്ള തനതുഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കാതെ, മേൽ സർക്കുലറിലെ നിർദ്ദേശപ്രകാരം തനതുഫണ്ടിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, ചുവടെ പറയുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

സ്കൂളിന്റെ പേര്	കെട്ടിട നമ്പർ	ഡിമാന്റ് ചെയ്ത വസ്തുനികുതി	ഈടാക്കേണ്ട കാലയളവ്
സെന്റ് മേരീസ് സീനിയർ സെക്കണ്ടറി സ്കൂൾ, പഴവങ്ങാടി, റാന്നി പഴവങ്ങാടി പി ഒ, പിൻ - 689673	15/1011	5553	2023-24 മുതൽ
	15/1012	11873	2023-24 മുതൽ
	15/1013	9878	2023-24 മുതൽ
എം സി കോര മെമ്മോറിയൽ ട്രസ്റ്റ്	17/297 മന്ദമരുതി	5244	2023-24 മുതൽ
സെക്രട്ടറി, എം സി കോരാ മെമ്മോറിയൽ ചാരിറ്റബിൾ	17/506	1162	2023-24 മുതൽ

സൊസൈറ്റി, മന്ദമരുതി	17/507	1162	2023-24 മുതൽ

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി. 27.03.2023 പ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കൻഡറി തലം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ അൺ എയ്ഡഡ് സ്ഥാപനങ്ങളെ വസ്തുനികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/26.09.2024) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മേൽ സ്കൂളുകളിൽ നിന്നും 2023-24 മുതൽ വസ്തുനികുതി ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-18 കെട്ടിട നിർമ്മാണത്തിനു ഈടാക്കിയ അധിക പെർമിറ്റ് ഫീ തിരികെ നൽകേണ്ടതാണ്.

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിന്റെ വർദ്ധിപ്പിച്ച നിരക്ക് പ്രാബല്യത്തിൽ വന്നത് 10.04.2023-ലാണ്. ശ്രീമതി ഏലിയാമ്മ ജോസഫ്, ചെറുകര ആലുങ്കൽ, ചേത്തയ്ക്കൽ P.O, റാന്നി എന്ന വ്യക്തി ഈ തീയതിക്ക് മുമ്പ് കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു എന്ന് 2023-24 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായി. അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽനിന്ന് അപേക്ഷകയ്ക്ക് നോട്ടീസ് നൽകിയിരുന്നു. നടപടികൾ പൂർത്തീകരിച്ച് പെർമിറ്റ് നൽകിയത് 10.04.2023-നു ശേഷമാണ്. എന്നാൽ പുതുക്കിയ പെർമിറ്റ് ഫീ ഇവരിൽ നിന്നും ഈടാക്കി. ഇതു കാരണം അധികമായി ₹19484 രൂപ അപേക്ഷകയ്ക്ക് അധികമായി അടയ്ക്കേണ്ടിവന്നിട്ടുണ്ട്. 09.04.2023 വരെ ഓൺലൈനായോ ഓഫ് ലൈനായോ തദ്ദേശ സ്ഥാപനങ്ങളിൽ സമർപ്പിച്ച എല്ലാ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെയും കാര്യത്തിൽ - പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്കൂട്ടിനി ഫീസ് (DTP), ക്രമവത്ക്കരണ ഫീസ് – പഴയ നിരക്കാണ് ബാധകം [G.O (Ms) No. 107/2023/LSGD, Dt.06.05.2023, തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.10.2023 ലെ LSGD/PD/60555/2023-AR1 നമ്പർ സർക്കുലർ].

ഇൻവേഡ് നമ്പർ, തീയതി	പേര് വിലാസം	കെട്ടിടത്തിന്റെ വിനിയോഗം, ഏരിയ	ഈടാക്കിയ പെർമിറ്റ് ഫീ	ഈടാക്കേണ്ട ഫീ
1804/24.03.2023	ശ്രീമതി ഏലിയാമ്മ ജോസഫ്, ചെറുകര ആലുങ്കൽ, ചേത്തയ്ക്കൽ P.O, റാന്നി	റസിഡൻഷ്യൽ, 209.51 M^2	20951 (209.51x100)	1467 (209.51x7)

മേൽ പറയുന്ന അപേക്ഷകയിൽ നിന്നും അധികമായി ഈടാക്കിയ ₹19484 രൂപ തിരികെ നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/26.09.2024) മറുപടിയായി, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അധികമായി വാങ്ങിയ പെർമിറ്റ് ഫീസ് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷകയ്ക്ക് അറിയിപ്പ് നൽകേണ്ടതും തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-19 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീമതി സുജ ജോർജ്ജ്, മിനി വർഗീസ്, നാൻസി മാത്യു, പെരങ്ങാട്ട്, പഴവങ്ങാടി എന്ന അപേക്ഷകയിൽ നിന്നും ₹14469 രൂപ പെർമിറ്റ് ഫീ ഇനത്തിൽ കുറവായാണ് ഈടാക്കിയിട്ടുള്ളത്. പെർമിറ്റ് ഫീ കണക്കാക്കുന്നതിനുള്ള സ്ലാബ് കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ ഏരിയ കണക്കിലെടുക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്യാതിരുന്നതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവേഡ് നമ്പർ, തീയതി	പേര്, വിലാസം	കെട്ടിടത്തിന്റെ വിനിയോഗം, ഏരിയ	ഈടാക്കിയ പെർമിറ്റ് ഫീ	ഈടാക്കേണ്ട ഫീ
6042/22.10.2023	ശ്രീമതി സുജ ജോർജ്ജ്, മിനി വർഗീസ്,നാൻസി മാത്യു, പെരങ്ങാട്ട്,	വാണിജ്യം- 289.38 M2 റസിഡൻഷ്യൽ-	289.38x150=43407 312.03x150=46804.5 ആകെ = 90212	289.38x200= 57876 312.03x150=46804.5 ആകെ =104681

	പഴവങ്ങാടി.	312.03 M^2 ആകെ - 601.41 M^2	(രസീത് നം. 0104102/18.12.23)	

വാണിജ്യ കെട്ടിടത്തിന പെർമിറ്റ് ഫീ നിശ്ചയിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ ഏരിയ 300 M^2 ൽ കൂടുതലായതിനാൽ ഒരു M^2 ന 200 രൂപ നിരക്കിൽ എടുക്കേണ്ടിയിരുന്നു. അപ്രകാരം ചെയ്യാതിരുന്നതിനാൽ, ഈടാക്കിയ പെർമിറ്റ് ഫീയിൽ ₹14469 രൂപയുടെ കുറവുണ്ടായി (104681-90212). മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26.09.2024) മറുപടിയായി, അപേക്ഷകയിൽ നിന്നും ബാക്കി തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന സെക്രട്ടറി മറുപടി നൽകി. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടഭാഗങ്ങൾ ക്രമവൽക്കരിച്ചില്ല

ശ്രീമതി സാറാമ്മ വർഗീസ്, കാവിനേടത്ത്, റാന്നി എന്ന അപേക്ഷകയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടില്ലായെന്നും അപാകത ചൂണ്ടിക്കാട്ടി കത്തു നൽകിയിട്ടുള്ളതായും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. ILGMS മുഖേന ഫയൽ പരിശോധിച്ചതിൽ, നിലവിലുള്ള കെട്ടിടത്തിന്റെ 271 M^2 ഭാഗം ക്രമവൽക്കരിക്കാത്തതിനാലാണ് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ നിരസിച്ചതെന്ന കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്, മേൽവിലാസം	അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ ഏരിയ	സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടങ്ങളുടെ ഏരിയ
ശ്രീമതി സാറാമ്മ വർഗീസ്, കാവിനേടത്ത്, റാന്നി	15/110-116. (വാണിജ്യം)- 188 M^2 15/116 A,B (ഫ്ലാറ്റ്) - 201 M^2 15/109 (റസിഡൻഷ്യൽ) - 240 M^2 ആകെ -629 M^2	3 നില വാണിജ്യ കെട്ടിടം - 608.33 M^2 റസിഡൻഷ്യൽ - 297.70 M^2 ആകെ - 900.04 M^2

ഗ്രാമപ്പഞ്ചായത്തിൽ അപേക്ഷകയുടെ ആകെ 629 M^2 കെട്ടിടഭാഗങ്ങൾക്കു മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷക തന്നെ സമർപ്പിച്ച പ്ലാൻ പ്രകാരം 900.04 M^2 കെട്ടിടം സൈറ്റിലുണ്ട്. അധിക കെട്ടിടഭാഗമായ 271 M^2 ഏരിയ ക്രമവൽക്കരിച്ചിട്ടില്ല. 27.06.2023-ൽ ഇത് ക്രമവൽക്കരിക്കുന്നതിനായി അപേക്ഷകയ്ക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർനടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. കെട്ടിടം ക്രമവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.20/26.09.2024) നൽകിയിരുന്നു. ആയതിനു മറുപടിയായി, 629 M^2 കെട്ടിടം 20.07.2021-ൽ ക്രമവൽക്കരിച്ചിരുന്നു എന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. സഞ്ചയയിൽ മാറ്റം വരുത്താതിരുന്നത് ക്ലറിക്കൽ പിഴവ് മൂലമാണെന്നും അറിയിച്ചു. അപേക്ഷക തന്നെ 900.04 M^2 ഏരിയയുടെ കെട്ടിട പ്ലാൻ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം സൈറ്റ് പരിശോധന നടത്തി നികുതി സംബന്ധിച്ച വിവരങ്ങൾ തേടുന്നതാണ് ഉചിതമായിട്ടുള്ളത്. അപ്രകാരമുള്ള പരിശോധന റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതും നികുതി ചോർച്ച വന്നിട്ടില്ലായെന്നുറപ്പാക്കേണ്ടതുമാണ്.

1-21 വിനോദനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീലക്ഷ്മി തിയേറ്ററിൽ നിന്ന് വിനോദനികുതി ഈടാക്കുന്നില്ല.

സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും, GST 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറവ് ചെയ്തും സ.ഉ(കൈ)63/2019/ത.സ്വ.ഭ.വ/10.06.2019 നമ്പർ പ്രകാരം ഉത്തരവായിരുന്നു. 31.08.2019-ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി പ്രാബല്യത്തീയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്.

GST ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തീയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെ വിനോദ

നികുതിക്ക് ഇളവ് ചെയ്തു കൊടുത്തിരുന്നെങ്കിലും 01.01.2022 മുതൽ വീണ്ടും പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

വിനോദ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/25.09.2024), ഉടമസ്ഥന് നോട്ടീസ് നൽകി വിനോദ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. വിനോദ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ക്വാറിയുടെ കോർപ്പറേറ്റ് എൻവയോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

സ്ഥാപനങ്ങൾ കോർപ്പറേറ്റ് എൻവയോൺമെന്റ് റെസ്പോൺസിബിലിറ്റി (CER) പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നം.OM:F.No.22-65/2017-1A.iii Dated 1.05.2018, OM:F.No.22-65/2017-1A.iii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.ഇ.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.ഇ.ആർ. പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.ഇ.ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവൃത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

4. SEAC അംഗീകരിച്ച ഏതാനും CER പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

I. നദികളുടെ പുനരുജ്ജീവനം

Ii. കിണർ റീചാർജിംഗ്

Iii. മഴവെള്ള സംഭരണി

Iv. പുനരുൽപ്പാദന ഊർജ്ജസ്രോതസ്സുകളുടെ പ്രോത്സാഹനം

V. പരിസ്ഥിതി വ്യവസ്ഥകളുടെ പുനഃസ്ഥാപനം

Vi. കുടിവെള്ള വിതരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ.

Vii. ആശുപത്രികൾ, അങ്കണവാടികൾ, ബഡ്സ് സ്കൂളുകൾ, ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ.

പഴവങ്ങാടി വില്ലേജ് ബ്ലോക്ക് നം.10, റീ സർവ്വേ നമ്പർ 22/2-2, 22/3 എന്നീ പ്ലോട്ടുകളിൽ 08.12.2023 മുതൽ 31.03.2028 വരെ പ്രവർത്തിക്കുന്നതിനായി ലൈസൻസ് നേടിയിട്ടുള്ള ശ്രീ. മുഹമ്മദ് ഹാഷിം, പുതുപ്പറമ്പിൽ, പത്തനാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ക്വാറിയുടെ പ്രവർത്തനത്തിനായി ലൈസൻസ് നേടാൻ ഹാജരാക്കിയ എൻവയോൺമെന്റ് ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ 955000 രൂപയുടെ ക്വാറി സി.ഇ.ആർ പ്രവർത്തനം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്വാറി പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ സി.ഇ.ആർ പ്രവർത്തനങ്ങളുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/30.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-23 കരാറുകാരനു രണ്ടു തവണ BDS ബിൽ തുക മാറി നൽകി

2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ള മക്കപ്പുഴ കൊല്ലൻപടി അമ്പലം പടി റോഡ് മെയിന്റനൻസ് പ്രവൃത്തിയുടെ ബിൽ തുകയായ 781795 രൂപയ്ക്ക് പകരം ഇതിന്റെ ഇരട്ടിയായ 1563590 രൂപ, കരാറുകാരനായ ശ്രീ റിഞ്ചു പി ജെയിംസിന്റെ അക്കൗണ്ടിലേക്ക് പോകുകയും തുടർന്ന് ഇരട്ടിപ്പ് വന്ന തുക തിരികെ ഈടാക്കുകയും ചെയ്തിരുന്നു.

ഈ ബിൽ BDS ആയി (Bill Discounting System) മാറ്റുകയും Form No-I , Form No-II, Form No-III എന്നിവയിൽ രണ്ട് ഡോക്കറ്റ് നമ്പരുകളായി ബിൽ തുകയായ 781795 രൂപ രണ്ടു തവണ രേഖപ്പെടുത്തുകയും ചെയ്തതായും കണ്ടു (ഡോക്കറ്റ് നം.199722024/2024-25, ഡോക്കറ്റ് നം.199752024/2024-25). രണ്ടു ഡോക്കറ്റ് നമ്പർ രേഖപ്പെടുത്തിയ Form No-I ൽ

കരാറുകാരൻ ഒപ്പിട്ടുണ്ട്. Form No-II, III എന്നിവയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഡിജിറ്റൽ സൈൻ ചെയ്തിട്ടുമുണ്ട്. 24.06.2024-ൽ BDS പോർട്ടൽ മുഖേന ജനറേറ്റ് ചെയ്യപ്പെട്ട പ്രോമിസറി നോട്ടിൽ ആകെ തുകയായി 1563590 രൂപ കരാറുകാരനു ക്രഡിറ്റ് ചെയ്യുന്നതിനായി രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇപ്രകാരം കരാറുകാരന്റെ അക്കൗണ്ടിൽ 1563590 രൂപ (അക്കൗണ്ട് നം. 7722020710, Indian Bank, Ranni) 01.07.2024-ൽ ക്രഡിറ്റ് ആകുകയും ചെയ്തിരുന്നു. അപാകത തിരിച്ചറിഞ്ഞ ശേഷം ഈ തുക തിരികെ ഈടാക്കുന്നതിനു ബാങ്ക് അധികൃതർക്ക് 07.07.2024-ൽ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിരുന്നു. തുടർന്ന് ഡോക്കറ്റ് നം.199752024/2024-25 പ്രകാരം ജനറേറ്റ് ചെയ്യപ്പെട്ട 781795 രൂപ റിവേഴ്സ് എൻട്രി നടത്തിയതായി അസിസ്റ്റന്റ് എഞ്ചിനീയറെ ബാങ്ക് അധികൃതർ 15.07.2024-ൽ അറിയിച്ചു.

പ്രൊജക്ട് നം, പേര്	ഫണ്ട് ഇനം വകയിരുത്തിയ തുക	ബിൽ തുക	കരാറുകാരന്റെ പേര്
57/24 – മക്കപ്പുഴ കൊല്ലംപടി അമ്പലംപടി റോഡ്	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – 990000	829276 കരാറുകാരനുള്ള തുക - 781795	റിൻജു പി ജെയിംസ്, പാലത്തറ വീട്, നെല്ലിക്കമൺ, റാന്നി.

Kerala BDS പോർട്ടലിൽ ഇപ്രകാരം Updation വരുത്തി Promisory Note- ൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും ആയവ ബാങ്ക് Digital Sign ചെയ്തിട്ടുണ്ടോയെന്നും പരിശോധിച്ച് ആയതിന്റെ പ്രിന്റ് ഔട്ട് ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.35/30.09.2024) നൽകിയിരുന്നു. എന്നാൽ പരിഷ്കരിച്ച പ്രോമിസറി നോട്ടിന്റെ പകർപ്പ് ലഭ്യമാക്കിയില്ല. ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പ്രോമിസറി നോട്ട് പ്രകാരം 1563590 രൂപ സർക്കാർ ബാങ്കിലേക്ക് അടയ്ക്കേണ്ടത് 19.11.2024 തീയതിയിലാണ്. സോഫ്റ്റ്‌വെയറിൽ തിരുത്തൽ വരുത്താത്ത പക്ഷം ഈ തുക സർക്കാരിൽ നിന്നും ബാങ്കിലേക്ക് ക്രഡിറ്റ് ആകുന്നതാണ്. അതിനുമുമ്പ് തന്നെ പ്രോമിസറി നോട്ടിൽ അപ്ഡേഷൻ വരുത്തി 781795 രൂപ മാത്രമാക്കുന്നതിനു അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-24 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ കരാറുകാരുമായി എഗ്രിമെന്റ് വച്ചിട്ടുള്ള 18 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 സാമ്പത്തിക വർഷം 33 സ്പിൽ ഓവർ പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നു. ഇതിൽ 14 പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഒരു പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയെങ്കിലും ട്രഷറിയിൽ പാസ്സായിരുന്നില്ല. അവശേഷിക്കുന്ന 18 പദ്ധതികൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 2021-22, 2022-23 വർഷങ്ങളിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവയിൽ 9 പദ്ധതികൾക്ക് കോൺട്രാക്ടർമാരുമായി കരാർ വച്ചിരുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/27.09.2024) മറുപടിയായി പദ്ധതികളുടെ നിലവിലെ അവസ്ഥ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ, പേര്	കരാറുകാരന്റെ പേര്, കരാർ തീയതി	ഫണ്ട് ഇനം, വകയിരുത്തിയ തുക	നിലവിലെ അവസ്ഥ
1	205/2023-24, കൃഷിഭവൻ, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലേക്ക് കുടിവെള്ളം ലഭിക്കുന്നതിന് പൊതുകിണറിൽ മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കൽ	സുരേഷ് എ പി, അത്തമ്പനാംകുഴിയിൽ, പേഴുംപാറ, വടശ്ശേരിക്കര 22.02.2023	ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 300000	Supply Of Pipeline, Installation Of Motor Pump, Electrification എന്നീ ഇനങ്ങളുടെ സാങ്കേതിക അനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി നടപ്പാക്കാൻ കഴിയൂ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.
2	185/2023-24, അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ	ടോജോ സി മോൻസി, പുന്നവേലിൽ ഉണ്ടിയിൽ , ഐത്തല	ബ്ലോക്ക് പഞ്ചായത്ത് -200000	പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് തുക 23.08.2024 ൽ നൽകുകയും ബ്ലോക്ക് ഫണ്ട്

	വർദ്ധിപ്പിക്കൽ	30.03.2023	ജില്ലാ പഞ്ചായത്ത് -200000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)- 400000 ആകെ -800000	വിഹിതം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു.
3	211/2023-24, ബസ് സ്റ്റാന്റ് ടെർമിനൽ മെയിന്റനൻസ് അനുബന്ധ പ്രവൃത്തികളും	ടിജോ തോമസ്, പുന്നവേലിൽ തുണ്ടിയിൽ, ഐത്തല 30.03.2023	വികസന ഫണ്ട് (ജനറൽ) -300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-450000 ആകെ -750000	കരാറുകാരന് നിരവധി തവണ കത്ത് നൽകിയെങ്കിലും പദ്ധതി തുടങ്ങിയിട്ടില്ല.
4	209/2023-24, അങ്കണവാടി നിർമ്മാണം	നെയ്സൺ, സിനായി ബിൽഡേഴ്സ്, റാന്നി 22.03.2023	ബ്ലോക്ക് പഞ്ചായത്ത് -1000000 ജില്ലാ പഞ്ചായത്ത് -1000000 തനതു ഫണ്ട് - 70000 ആകെ - 2070000	അങ്കണവാടി കെട്ടിടത്തിന്റെ മേൽക്കൂര വരെയുള്ള നിർമ്മാണം പൂർത്തീകരിക്കുകയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം രണ്ടാം പാർട്ട് ബിൽ നൽകിയിട്ടില്ല. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു.
5	201/2023-24, ബസ് സ്റ്റാന്റ് ടെർമിനൽ ടോയ്‌ലെറ്റ് നവീകരണം	ടിജോ തോമസ്, പുന്നവേലിൽ തുണ്ടിയിൽ, ഐത്തല 08.02.2023	ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000	പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ 30.07.2024 ൽ കരാറുകാരന് നൽകിയിട്ടുണ്ട്.
6	199/2023-24, ശ്മശാനം നവീകരണം	C R രഘു, ചുവന്നമുണ്ടയ്ക്കൽ, റാന്നി 24.03.2023	ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 600000	ടെണ്ടർ അധിക നിരക്ക് അംഗീകരിച്ച് കിട്ടുന്നതിനുള്ള കാലതാമസം കാരണമാണ് പദ്ധതി വൈകിയത്. ഫൈനൽ ബിൽ 24.07.2024 ൽ കരാറുകാരന് നൽകിയിട്ടുണ്ട്.
7	214/2023-24, വെള്ളാംകുഴി മൈലേറ്റ് പടി റോഡ് കോൺക്രീറ്റ്	വേണുഗോപാൽ എ ജി, എളംപ്ലാശ്ശേരിൽ, ഐത്തല പി ഒ 04.01.2022	മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 100000	ഭരണസമിതിയുടെ 10.05.2023 ലെ 34(1) ാം തീരുമാനപ്രകാരം പ്രവൃത്തി ക്യാൻസൽ ചെയ്തു.
8	220/2023-24, ആയുർവേദ ആശുപത്രി ക്യാബിൻ നിർമ്മാണവും ഓഫീസ് നവീകരണവും	ടിജോ തോമസ്, പുന്നവേലിൽ തുണ്ടിയിൽ, ഐത്തല 08.02.2023	വികസന ഫണ്ട് (ജനറൽ) 300000	പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ 25.05.2024 ൽ കരാറുകാരന് നൽകിയിട്ടുണ്ട്.
9	207/2023-24, ടേക്ക് എ ബ്രേക്ക് -കുടുംബശ്രീ റാമ്പ് സ്ഥാപിക്കൽ	ടിജോ തോമസ്, പുന്നവേലിൽ തുണ്ടിയിൽ, ഐത്തല 11.03.2022	തനതു ഫണ്ട്. 50000	പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ 17.08.2024 ൽ കരാറുകാരന് നൽകിയിട്ടുണ്ട്.

കരാർ വ്യവസ്ഥകളും പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും അനുസരിച്ച്, കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കാവുന്നതാണ്. കൂടാതെ കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യാവുന്നതും കുറഞ്ഞത് 5 വർഷത്തേയ്ക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്ന് വിലക്കാവുന്നതുമാണ്.

സ്പിൽ ഓവർ പദ്ധതിയായി തുടരുന്ന താഴെ പറയുന്ന 8 പ്രവൃത്തികളുടേയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടർമാരുമായി കരാർ വെച്ചിട്ടുണ്ടോ എന്ന വിവരവും, ഈ പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണവും ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ , പേര്	ഫണ്ട് , വകയിരുത്തിയ തുക	നിലവിലെ അവസ്ഥ
1	215/2023-24, ഇട്ടിയപ്പാറ ബസ് സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം	വികസന ഫണ്ട് (ജനറൽ) -100000 ബ്ലോക്ക് പഞ്ചായത്ത് -1000000 ജില്ലാ പഞ്ചായത്ത് -900000 ആകെ - 2000000	ടി പ്രവൃത്തി നടപ്പാക്കുന്നതിനു അനുയോജ്യമായ സ്ഥലം നാളിതുവരെയായി വ്യക്തമായി നൽകിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പായിട്ടില്ല. പദ്ധതി 2024-25 വർഷവും സ്പിൽ ഓവറായി തുടരുന്നുണ്ട്.
2	192/2023-24, കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകൾ രണ്ട് എണ്ണം	സംസ്ഥാന വിഹിതം -912000 തനതുഫണ്ട് - 72321 ആകെ - 984321	2013-14 ൽ തയ്യാറാക്കിയ പദ്ധതിയുടെ ബിൽ തുക കൈമാറുന്നതിനു കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനു ഫയൽ വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി പ്രവർത്തിക്കുന്നില്ല.
3	193/2023-24, ക്രിമറ്റോറിയം നിർമ്മാണം	മറ്റ് ഗ്രാമപഞ്ചായത്ത് -3400000 മറ്റുള്ളവ – 120000 ആകെ - 3520000	പദ്ധതി 04.03.2023 ൽ പൂർത്തിയാക്കുകയും ഉത്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ഫൈനൽ ബിൽ തുക കരാറുകാരായ കോസ്റ്റ് ഫോർഡിനു നൽകുന്നതാണ്.
4	188/2023-24, പൊതു ടോയ്‌ലെറ്റ് നിർമ്മാണം (ഫ്രണ്ട് ഓഫീസ്)	കേന്ദ്ര വിഹിതം -200000	2020-21 ൽ പാർട്ട് ബിൽ തുക കരാറുകാരനായ ശ്രീ അരുൺ ജോസഫിനു ഫണ്ടിന്റെ അപര്യാപ്തത മൂലം നൽകിയിരുന്നില്ല. നിലവിൽ തുക നൽകിയിട്ടില്ല.
5	208/2023-24, പഞ്ചായത്ത് ഓഫീസ് നവീകരണം	വികസന ഫണ്ട് (ജനറൽ) - 261070	2020-21 ൽ പാർട്ട് ബിൽ തുക കരാറുകാരനായ ശ്രീ അരുൺ ജോസഫിനു നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല.
6	189/2023-24, ഉമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ്	തനതു ഫണ്ട് -50000 ബ്ലോക്ക് പഞ്ചായത്ത് -1500000 ആകെ - 1550000	അനുയോജ്യമായ സ്ഥലം ലഭ്യമാക്കി നൽകിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പാക്കാനായിട്ടില്ല.
7	202/2023-24, വലിയതോട് നവീകരണം	ബ്ലോക്ക് പഞ്ചായത്ത് -200000	ഡെപ്പോസിറ്റ് പ്രവൃത്തി ആയതിനാൽ സെക്രട്ടറിയുടെ പദ്ധതിയായി മാറ്റണമെന്നാവശ്യപ്പെട്ടു കൊണ്ട് ഭരണസമിതിയ്ക്ക് കത്ത് നൽകി.

		ജില്ലാ പഞ്ചായത്ത് -100000 തനതു ഫണ്ട് - 100000 ആകെ - 400000	
8	206/2023-24, തെങ്ങുംതോട്ടത്തിൽപ്പടി ചെറിയമാവുങ്കൽ റോഡ് റീ കോൺക്രീറ്റിംഗ്	മെയിന്റനൻസ് ഗ്രാന്റ് റോഡ് -100000	മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുതിയ പദ്ധതികൾ ചെയ്യുന്നതിനു സാധ്യമല്ലാത്തതിനാൽ പദ്ധതി ക്യാൻസൽ ചെയ്തു.

മേൽ വിശദാംശങ്ങളിൽ നിന്നും പല പദ്ധതികളും സ്ഥലം കണ്ടെത്താത്തതിനാൽ ടെണ്ടർ നടപടികൾ പോലും തുടങ്ങാനാവാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യമായി. ഇട്ടിയപ്പാറ ബസ് സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം, തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് എന്നിവ ഇതിന് ഉദാഹരങ്ങളാണ്. ലക്ഷക്കണക്കിനു രൂപ പദ്ധതികൾക്ക് വകയിരുത്തിയിട്ടും ഇവ നടപ്പാക്കാതിരിക്കുന്നത് ശരിയായ വികസന കാഴ്ചപ്പാടല്ല. കൃഷിഭവൻ, ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലേക്ക് കുടിവെള്ളം ലഭിക്കുന്നതിന് പൊതുകിണറിൽ മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുന്നത്, അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അങ്കണവാടി നിർമ്മാണം മുതലായ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ബസ് സ്റ്റാന്റ് ടെർമിനൽ മെയിന്റനൻസ് അനുബന്ധ പ്രവൃത്തികളും എന്ന പദ്ധതി കരാർ വച്ചിട്ടും നടപ്പാക്കാത്ത കരാറുകാരനെതിരെ പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയങ്ങളിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-25 പത്രപരസ്യം - ഡിസ്കൗണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ പരസ്യങ്ങൾ നൽകിയതിനുള്ള ചാർജിനത്തിൽ കേരളകൗമുദി പത്രസ്ഥാപനത്തിന് പദ്ധതി നിർവ്വഹണച്ചെലവുകൾ എന്ന പ്രോജക്ടിൽ വകയിരുത്തി 35120 രൂപ (നികുതിയൊഴികെ) നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ പരസ്യങ്ങൾ ലഭിക്കുമ്പോൾ അനുവദനീയമായ 15% ഡിസ്കൗണ്ട് ബില്ലിൽ കുറച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകുന്ന പരസ്യങ്ങൾക്ക് നിയമാനുസൃത ഇളവ് നേടുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-26 യോഗനടപടികളുടെ മിനുട്ട്സ് അംഗീകരിക്കുന്നതിലെ കാലതാമസം

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	പ്രസിഡന്റ് അംഗീകരിച്ച തീയതി
1	27-7-2023	21-2-2024	21-2-2024
2	22-8-2023	14-11-2023	14-11-2023
3	25-8-2023	16-12-2023	16-12-2023
4	23-9-2023	5-7-2024	5-7-2024
5	14-11-2023	12-3-2024	12-3-2024
6	28-11-2023	21-2-2024	21-2-2024
7	28-12-2023	4-3-2024	4-3-2024
8	21-1-2024	16-4-2024	16-4-2024
9	17-1-24	18-4-2024	18-4-2024
10	17-2-2024	18-4-2024	18-4-2024
11	26-2-2024	19-6-2024	19-6-2024
12	7-3-24	11-6-2024	11-6-2024

13	5-3-2024	11-7-2024	11-7-2024

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/30-9-24) മറുപടിയായി, മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഭാവിയിൽ ചട്ടം അനുശാസിക്കും പ്രകാരം യോഗനടപടികളുടെ മിനിട്സ് പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-27 മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ 1.12 കോടി രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല

31.03.2024-ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-18) പ്രകാരം വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ശീർഷകം	ഫണ്ടിനം	31.03.2024-ലെ നീക്കിയിരിപ്പ്
460500201	Advance To Implementing Agencies-Deposit With KWA	1816161
460500202	Advance To Implementing Agencies-Deposit With KSEB	7112996
460500204	Advance To Implementing Agencies-Deposit With GWD	2306025
Total		**11235182**

തുക നിക്ഷേപിച്ച നിർവ്വഹണ ഏജൻസികൾ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/26.09.2024) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഏജൻസികളിൽ നിന്നും പൂർത്തീകരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് തുകകൾ ക്രമീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങളും പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരവും രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-28 പൊതുടാപ്പുകൾ- സംയുക്തപരിശോധന നടത്തേണ്ടതാണ്

കുടിവെള്ള ടാപ്പ് ഒന്നിന് പ്രതിവർഷം ₹14,559.12 രൂപ നിരക്കിൽ 220 ടാപ്പുകൾക്കായി പ്രതിമാസം ₹2,66,915 രൂപയാണ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടർ ചാർജായി ഡിമാൻഡ് ചെയ്യുന്നത്. ജലജീവൻ മിഷൻ പ്രോജക്ട് മുഖാന്തരം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ഹൗസ് കണക്ഷൻ ലഭിച്ചിട്ടുള്ളതാണ്. കൂടാതെ പുനലൂർ-മൂവാറ്റുപുഴ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി പൊതുടാപ്പുകൾ പ്രവർത്തനക്ഷമമല്ലാതാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി മാസംതോറും കൃത്യമായി ഗ്രാമപഞ്ചായത്തിൽ 220 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് ഡിമാൻഡ് ചെയ്യുന്നു. ജല അതോറിറ്റിയുടെ 31-8-2024-ലെ AB5/845/LSG06 നമ്പർ കത്ത് പ്രകാരം 8/2024 വരെ **₹94,61,339 രൂപ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശികയിനത്തിൽ ഒടുക്കുവാനുണ്ടെന്ന് അറിയിച്ചിരുന്നു.** കുടിശ്ശിക ഇനത്തിലുള്ള അതിഭീമമായ തുക ഒടുക്കുവരുത്താത്തത് പഞ്ചായത്തിന് ബാധ്യതയാണ്. 2023-24 സാമ്പത്തിക വർഷം നവംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് വാട്ടർചാർജ് ഒടുക്കിയിട്ടുള്ളത്. ബാക്കിയുള്ള മാസങ്ങളിൽ വെള്ളക്കരം ഒടുക്കാത്തതിന് പ്രത്യേക കാരണം രേഖപ്പെടുത്തിയിട്ടില്ല. ഗണ്യമായ തുക കുടിശ്ശികയുള്ളതിനാൽ അതിന്റെ ഫൈൻ ഇനത്തിൽ രണ്ടുലക്ഷം രൂപയ്ക്കടുത്തുള്ള തുക മാസംതോറും കുടിശ്ശികയോടൊപ്പം കൂട്ടുന്നുണ്ട്.

06-06-2022-ലെ സ.ഉ.(കൈ)നം.119/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം KWA, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതിയെ അറിയിച്ചുകൊണ്ട് ഈ തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്തം തദ്ദേശസ്ഥാപന സെക്രട്ടറിയ്ക്കാണ്. തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

വാട്ടർ ചാർജ് കുടിശ്ശിക വൻതുകയായ സാഹചര്യത്തിലും തുക അടവാക്കാത്തതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.31/30.9.2024) നല്കിയിരുന്നു. 220 തെരുവ് ടാപ്പുകളുടെ നിലവിലെ അവസ്ഥയും, ഉപയോഗത്തിലെ അനിവാര്യതയും മനസിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തും, വാട്ടർ അതോറിട്ടിയും സംയുക്തമായി പരിശോധന

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും, ആയതുപ്രകാരം സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കുകയും ചെയ്തിട്ടുണ്ടെന്നും വാക്കാൽ മറുപടി ലഭ്യമാക്കിയെങ്കിലും ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിനായി പഞ്ചായത്തിൽ നിന്ന് നിരന്തരമായി ഇടപെടൽ ഉണ്ടാവേണ്ടതും, ജലം ലഭിക്കുന്നതും, നിലനിർത്തിപ്പോരേണ്ടത് അത്യാവശ്യവുമായ പൊതു ടാപ്പുകൾ മാത്രം നിലനിർത്തി ബാക്കിയുള്ളവ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നാളിതുവരെയുള്ള കുടിശ്ശിക ഒടുക്കുവരുത്താതിരുന്നാൽ ഭീമമായ തുക പഞ്ചായത്തിന്റെ ബാധ്യതയായി തുടരുന്ന സാഹചര്യമാണുള്ളത്. ഈ വിഷയത്തിൽ അടിയന്തിര ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കി പ്രവർത്തനരഹിതവും ഉപയോഗപ്രദവുമല്ലാത്ത ടാപ്പുകൾനീക്കം ചെയ്യുന്നതിന് തുക ഒടുക്കേണ്ടതുണ്ടെങ്കിൽ തനത്ഫണ്ടിൽ നിന്നും ആയതിനുള്ള ഫണ്ട് വകയിരുത്തേണ്ടതുമാണ്. അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വാട്ടർ ചാർജ് ഇനത്തിലുള്ള ബാധ്യത തീർത്ത് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഉണ്ടാകുന്ന പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതാണ്.

1-29 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ 31.03.2023-ൽ നീക്കിയിരിപ്പായി ഉണ്ടായിരുന്ന തുക തന്നെ 31.03.2024-ലെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-4) പ്രകാരവും നീക്കിയിരിപ്പായി അവശേഷിക്കുന്ന ഫണ്ടുകളുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

ശീർഷകം	ഫണ്ടിനം	31.03.2024-ലെ നീക്കിയിരിപ്പ്
320100136	National Bio Gas Development Project	59708
320100195	Grants/Funds For Epidemic Control	400000
320200207	Fund For Transferred Institutions-Ayurveda-Capital	450000
320200208	Fund For Transferred Institutions-Homoeopathy-Capital	500000
320200304	Grants, Funds & Contributions For Specific Purposes-Grant For Solid Waste Management	110824
320200399	Grants, Funds & Contributions For Specific Purposes- Other Purposes	739145
320300103	Grants, Funds & Contributions For Specific Purposes- Total Sanitation	1120362
320300199	Grants, Funds & Contributions For Specific Purposes- Other Government Agencies	2801003
320400199	Grants, Funds & Contributions For Specific Purposes- Other Financial Institutions	1029541
ആകെ		**7210583**

ഈ ഗ്രാന്റ് തുകകൾ ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/26.09.2024), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി ലഭിച്ച തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപ്പഞ്ചായത്തിൽ ലഭ്യമല്ലെന്നും അതിനാൽ ലോക്കൽ സാംഖ്യയിലെ മുന്നിരിപ്പ് തുക ഐ.എൽ.ജി.എം.എസ്-ലേക്ക് ഉൾപ്പെടുത്തുകയായിരുന്നു എന്നും ഈ തുക ഉപയോഗിച്ച് പദ്ധതികൾ രൂപീകരിച്ചിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിലുൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം നിഷ്ക്രിയാവസ്ഥയിലുള്ളത്. പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ട്

അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ വകമാറ്റിച്ചെലവഴിക്കാനുള്ള സാദ്ധ്യതയുമുണ്ട്.

ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതും നീക്കിയിരിപ്പ് തുകയുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്ററിലും വാർഷിക കണക്കിലും ഉൾപ്പെടുത്തേണ്ടതുമാണ്.

1-30 അങ്കണവാടികൾ - അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ ആകെ 31 അങ്കണവാടികളുള്ളതിൽ 17 എണ്ണം സ്വന്തം കെട്ടിടത്തിലും ബാക്കി 14 എണ്ണം വാടകക്കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് സൗകര്യം ഉണ്ടെങ്കിലും ശിശു സൗഹാർദ്ദ ടോയ്‌ലറ്റുകൾ എല്ലായിടത്തുമില്ല. 19 എണ്ണത്തിന് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 18 എണ്ണത്തിന് കുടിവെള്ളത്തിനായി പൈപ്പ് ലൈനും ബാക്കി 13 എണ്ണത്തിനു സ്വന്തമായി കിണർ സൗകര്യവുമുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്കുണ്ട്. അങ്കണവാടി നമ്പർ 39, 43, 50, 52 എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. അങ്കണവാടികൾക്ക് ആവശ്യത്തിനുള്ള ഫർണ്ണിച്ചർ, പാത്രങ്ങൾ എന്നിവയുടെ അപര്യാപ്തതയുണ്ട്. അടിസ്ഥാന ആവശ്യങ്ങളായ സ്വന്തമായി കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, പാത്രങ്ങൾ എന്നിവ നിറവേറ്റുന്നതിന് പഞ്ചായത്ത് സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-31 ഭവന നിർമാണം - ഗുണഭോക്താക്കൾ നിർമാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്ന വ്യക്തികൾ ആദ്യഗഡു തുകകൾ കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

പ്രോജക്റ്റ് നം 46/24 (ജനറൽ), 47/24 (എസ്.സി.പി),112/24 (റ്റി.എസ്.പി)

ക്രമ നം	ഗുണഭോക്താക്കളുടെ വിവരം	വിഭാഗം	ആകെ കൈപ്പറ്റിയ ധനസഹായം	അവസാനമായി ഗഡു കൈപ്പറ്റിയ തീയതി	നിർവ്വഹണം പൂർത്തിയായ ഘട്ടം
1	ശോഭന രാജു ചെരുവുകലയിൽ	എസ്.സി.പി.	3,10,000	06.09.2024	മേൽക്കൂര
2	ജ്ഞാന മണി	എസ്.സി.പി.	3,93,724	06.09.2024	മേൽക്കൂര
3	ലേഖ മോഹൻ	എസ്.സി.പി.	3,60,000	01.08.2024	മേൽക്കൂര
4	സുമി എം ദാസ്	എസ്.സി.പി.	40,000	14.03.2023	മുൻകൂർ
5	സാവിത്രി	എസ്.സി.പി.	2,40,000	10.01.2024	മേൽക്കൂര
6	വി കെ ശിവൻ	എസ്.സി.പി.	3,00,000	13.11.2023	മേൽക്കൂര
7	വിഷ്ണു പുരുഷോത്തമൻ	എസ്.സി.പി.	2,80,000	06.09.2024	മേൽക്കൂര
8	രാമകൃഷ്ണൻ പുളിയുരുമ്പിൽകൊട്ട	എസ്.സി.പി.	3,00,000	10.01.2024	ലിന്റൽ
9	സന്തോഷ് പിഎ കാഞ്ഞിരംകണ്ടതിൽ	എസ്.സി.പി.	3,00,000	28.11.2023	ലിന്റൽ
10	അജിത കുമാരി കോയിക്ക മേപ്രത്ത്	എസ്.സി.പി.	2,40,000	10.01.2024	ലിന്റൽ
11	അജീഷ് എം സോമൻ	എസ്.സി.പി.	3,00,000	13.11.2023	ലിന്റൽ
12	പവിത്ര സദാശിവൻ	എസ്.സി.പി.	3,00,000	27.07.2024	ലിന്റൽ
13	രാധാമണി കോഴിക്കോട്ട്	എസ്.സി.പി.	1,40,000	10.01.2024	ബേസ്മെന്റ്
14	കല്യാൺ ശ്രീജു കുമാർ	എസ്.സി.പി.	1,00,000	19.05.2023	ബേസ്മെന്റ്
15	രാജി സതീഷ്	എസ്.സി.പി.	3,00,000	05.12.2023	ലിന്റൽ
16	പ്രസന്ന പി എൻ	എസ്.സി.പി.	3,40,000	06.09.2024	റൂഫ്
17	വിനോദ് പി പി	എസ്.സി.പി.	3,40,000	10.01.2024	റൂഫ്
18	ലൈല സുരേഷ്	എസ് സി പി	2,40,000	28.11.2023	ലിന്റൽ
19	അമ്മിണി കൃഷ്ണൻകുട്ടി	ജനറൽ	3,00,000	20.11.2023	ലിന്റൽ
20	രാജൻ സി എം	ജനറൽ	3,00,000	20.11.2023	ലിന്റൽ

21	പ്രിയ കെ വി	ജനറൽ	3,80,000	05.12.2023	ലിന്റൽ
22	ലെമു ജോൺ മാത്യു	ജനറൽ	3,00,000	25.03.2024	മേൽക്കൂര

ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം നടത്തിയതിന്റെ വിവരവും ഭവന നിർമ്മാണം സംബന്ധിച്ച് നിലവിലെ അവസ്ഥയും വ്യക്തമാക്കേണ്ടതാണന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണകുറിപ്പിന് (9/25.09.2024) മറുപടിയായി, 1,2,3,5,6,7,8,11,16,17 എന്നീ ക്രമ നമ്പരിലുള്ള ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചു എങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ബാക്കി തുക നൽകാനായില്ല എന്നും ക്രമ നമ്പർ 19,20,21,22 എന്നീ ഗുണഭോക്താക്കൾ വീടിന്റെ വാർപ്പ് പണി വരെ പൂർത്തിയാക്കിയതായും ക്രമ നമ്പർ 4,13 എന്നീ ഗുണഭോക്താക്കൾക്ക് നിർമ്മാണ കാലതാമസത്തിനു കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു കത്തു നൽകിയതായും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു ധനസഹായം നൽകി വിവരം അറിയിക്കേണ്ടതാണ്.

1-32 വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്നവർ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

പ്രോജക്ട് നം: 45/24 (ജനറൽ)

ക്രമ നം	ഗുണഭോക്താക്കളുടെ പേര്	ആകെ കൈപ്പറ്റിയ ധനസഹായം	കൈപ്പറ്റിയ തീയതി	നിർമ്മാണ ഘട്ടം
1	സീമ വിനീഷ്	30,000	06/12/2023	മുൻകൂർ
2	എം റ്റി ജോൺ	30,000	06/12/2023	മുൻകൂർ
3	വത്സമ്മ	30,000	06/12/2023	മുൻകൂർ
4	സജിനി	30,000	06/12/2023	മുൻകൂർ
5	കല ആർ	30,000	06/12/2023	മുൻകൂർ
6	അംബിക	30,000	06/12/2023	മുൻകൂർ
7	പി. ഡി. വാസുദേവൻ	30,000	03/01/2024	മുൻകൂർ
8	അമ്മിണി പാറയിൽ	30,000	03.01.2024	മുൻകൂർ

ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം നടത്തിയതിന്റെ വിവരവും വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കേണ്ടതാണെന്നു ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണകുറിപ്പിന് (10/25.09.2024) മറുപടിയായി, ക്രമ നമ്പർ 8 ഒഴികെയുള്ള എല്ലാ ഗുണഭോക്താക്കളും ഭവന പുനരുദ്ധാരണം പൂർത്തിയാക്കി എന്നും വാല്യവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്കു ഫണ്ട് ലഭ്യതക്കനുസൃതമായി അവസാന ഗഡു നൽകുന്നതാണെന്നും അറിയിച്ചു. അവസാന ഗഡു ധനസഹായം നൽകിയതിന് ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-33 ഗുണഭോക്താക്കൾ പഠനമുറിനിർമ്മാണം പൂർത്തിയാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പഠനമുറി നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്ന വ്യക്തികൾ ആദ്യ ഗഡു തുക കൈപ്പറ്റിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

പ്രോജക്ട് നം 125/24 (എസ്.സി.പി)

ക്രമ നം	ഗുണഭോക്താക്കളുടെ വിവരം	വിഭാഗം	ആകെ കൈപ്പറ്റിയ ധനസഹായം	ഗഡു കൈപ്പറ്റിയ തീയതി
1	അഞ്ജലി അനുകുമാർ	ജനറൽ	50000	22.02.2024
2	ചന്ദ്ര ബോസ്സ് എം സി	ജനറൽ	50000	22.02.2024

ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ഗഡുക്കൾ വിതരണം നടത്തിയതിന്റെ വിവരവും പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കേണ്ടതാണെന്നു ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് (നം. 11-25/09/2024) മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-34 ഗ്രാന്റുകളുടെ വിനിയോഗത്തിൽ കുറവ് - വരും വർഷത്തിൽ ഫണ്ട് ഷോർട്ട് ഫാളിന് കാരണമാകും

സ.ഉ.(കൈ)നം.79/2021/ധന. തീയതി 15-07-2021 നമ്പർ ഉത്തരവ് പ്രകാരം, വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഒരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80-ൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ഷോർട്ട് ഫാൾ തുക തുടർന്നുള്ള വർഷങ്ങളിലെ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2023-24 സാമ്പത്തിക വർഷം വികസന ഫണ്ട് (ജനറൽ), എസ്.സി.പി, ടി.എസ്.പി, സംരക്ഷണ ഫണ്ട് എന്നിവ 80 ശതമാനം ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. തൻവർഷം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ലഭ്യമായതും ചെലവായതും ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ്	ചെലവ്	ചെലവ് ശതമാനം	അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (2024-25 വർഷത്തേക്ക്)	ഷോർട്ട് ഫോൾ (തിരികെ കിട്ടാത്ത തുക)
വികസന ഫണ്ട്-ജനറൽ	16521000	12311951	74.52%	3304200	905351
വികസന ഫണ്ട്-എസ്.സി.പി	4110000	2036693	49.55%	822000	1251495
വികസന ഫണ്ട്-റ്റി.എസ്.പി	318220	157896	49.61	63644	96707
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	11252000	5560541	49.41	2250400	3441987
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	2494000	2405197	96.43	93525	ഇല്ല

പൊതു വിഭാഗം വികസന ഫണ്ടിൽ 905351 രൂപ, വികസന ഫണ്ട്-എസ്.സിപി വിഭാഗത്തിൽ 1251495 രൂപ, വികസന ഫണ്ട്-റ്റി.എസ്.പി വിഭാഗത്തിൽ 96707 രൂപ, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 3441987 രൂപ എന്നിങ്ങനെ 5695540 രൂപ ഗ്രാമപഞ്ചായത്തിന് അടുത്ത വർഷം ഗ്രാന്റിനത്തിൽ നഷ്ടമാകും. മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് വിഭാഗത്തിൽ 80%-ത്തിൽ കൂടുതൽ പദ്ധതി ചെലവുണ്ടായ സാഹചര്യത്തിൽ ഷോർട്ട് ഫാൾ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് തുക നഷ്ടപ്പെടില്ല.

യഥാസമയം ഫണ്ട് ലഭിക്കാതിരുന്നതിനാൽ പ്രോജക്ട് ബില്ലുകൾ സബ്മിറ്റ് ചെയ്യാൻ കാലതാമസം നേരിട്ടു. പദ്ധതി പൂർത്തിയായശേഷം ബില്ല് സമർപ്പിച്ചെങ്കിലും ക്യൂബില്ലിൽ ഉൾപ്പെട്ടു പോയതിനാൽ വിവിധ ഗ്രാന്റുകളിൽ ചുവടെ ചേർത്തിരിക്കുന്ന തുക തൻവർഷം ചെലവാക്കാൻ സാധിച്ചില്ല.

വികസനഫണ്ട്(ജനറൽ)	4148293
വികസനഫണ്ട്	946046
വികസനഫണ്ട്	78300
സംരക്ഷണഗ്രാന്റ്(റോഡിതരം)	5557145
ആകെ	10729784

പദ്ധതി ചെലവിലുണ്ടാകുന്ന കുറവ്, തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലും ഉണ്ടാകേണ്ടതാണ്.

1-35 K.M.S.C.L ൽ നിന്നും മരുന്ന് ലഭിക്കാനവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന്, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന്, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 1549987 രൂപ കേരള

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2023-24 വർഷം നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്/ നമ്പർ	ബിൽ നമ്പർ, തീയതി	ഒടുക്കു വരുത്തിയ തുക	മരുന്ന് ലഭിച്ച തുക	മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത്
1	149/24 – മരുന്നു വാങ്ങൽ	PRF No. 3326	450000	153685	296315
		PRF No. 3330	450000	384142	65858
2	6/23 – പ്രൈമറി പാലിയേറ്റീവ്	PRF No. 4945	350000	185712	164288
		PRF No. 4949	299987	276336	23651
ആകെ			1549987	999875	550112

ഇതിൽ 550112 രൂപയുള്ള മരുന്നും അനുബന്ധ സാമഗ്രികളും KMSCL-ൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു. ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) മറുപടിയായി, KMSCL-ന് കത്തു നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അവശേഷിക്കുന്ന തുകയുള്ള മരുന്നു ലഭിക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

സ.ഉ.(സാധാ)നം.2243/2022/ത.സ്വ.ഭ.വ., 15.09.2022 പ്രകാരം KMSCL-ൽ നിന്നും അലോപ്പതി മരുന്നു വാങ്ങുന്നതിനു കാലതാമസം വന്നാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ഈ ഉത്തരവിലെ സാധ്യത ഉപയോഗിച്ച് മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുണ്ട്. 31.03.2024-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	Contractor's EMD	179518
2	Supplier's EMD	141401
3	Bidder's EMD	540028
4	Contractor's SD	294933
5	Supplier's SD	142207
6	Bidder's SD	90050
7	Contractor's Retention	132925
8	Election Deposit	36000
9	Other Deposits	181140
10	Rent Deposit	113373
11	Auction Deposit	1555699
12	Electricity Connection- Deposit	72
13	Library Deposit	600
14	Deposit Received From Others	129000
	Total	3536946

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം, ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതുമാണ്. 31.03.2024-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം ഇലക്ഷൻ നിക്ഷേപം ഇനത്തിൽ

36,000 രൂപ അവശേഷിയ്ക്കുന്നുണ്ട്. ഈ തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പരിശോധിച്ചതിൽ, 2019-20-ന് മുൻപ് ലഭ്യമായ നിക്ഷേപങ്ങളും കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഉദ്ദേശ്യം പൂർത്തിയാക്കിയ ശേഷവും 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത, വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടുകൂടി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാവുന്നതാണ് (Kerala Financial Code Vol-1, Article-282). ഇതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/26.09.2024) കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ ഭരണസമിതി തീരുമാനത്തിന് വിധേയമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേനാ പ്രവർത്തനം - അവലോകനം

പഞ്ചായത്ത് പ്രദേശത്തെ മാലിന്യം നിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 219 (എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം നിർവ്വചിച്ചിട്ടുണ്ട്. കൂടാതെ ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി, മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 07.06.2024 ലെ ഡി.കെ.എസ്.എ.47/സി.എ.ആർ.3/2004 കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി, ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/04.09.2024) പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിശകലനം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിലായി 26767 ആളുകൾ താമസിക്കുന്നുണ്ട്. ഹരിതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന 8380 വീടുകളും 1280 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 186870 രൂപ ചെലവഴിച്ച് വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും 'QR Scan Code' പതിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഹരിതകർമ്മ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പ്രോജക്ട് നം./പേര്	അടങ്കൽ	ചെലവ്
2020-21	ഹരിതകർമ്മസേനക്ക് ധനസഹായം (23/2021)	300000	121615
2021-22	ഹരിതകർമ്മസേനക്ക് ധനസഹായം (181/2022)	147124	1195
	വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (222/2022)	150000	131430
2022-23	ഹരിതകർമ്മസേനക്ക് ഐ.ഇ.സി.പ്രവർത്തനങ്ങൾ (37/2023)	50000	50000
	ഹരിതകർമ്മസേനക്ക് സുരക്ഷ ഉപകരണങ്ങൾ (34/2023)	77000	4250
	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം (39/2023)	204900	154900
	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (296/2023)	100000	90024
2023-24	ലെഗസി മാലിന്യം നീക്കം ചെയ്യൽ തുക നൽകൽ (305/2024)	400000	45700
	സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കൽ (224/2024)	50000	31970
	ഹരിതകർമ്മസേനക്ക് ഇലക്ട്രിക് ഓട്ടോ (306/2024)	900004	347480

2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന വീടുകളിലും വാണിജ്യ സ്ഥാപങ്ങളിലും QR കോഡ് പതിപ്പിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ പൊതുപരിപാടികളിലും ഹരിതകർമ്മ സേനയെക്കുറിച്ചും മാലിന്യ സംസ്കരണത്തെകുറിച്ചും ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യങ്ങൾ നിലവിൽ ബസ് സ്റ്റാറാൻഡിന് സമീപമുള്ള തുമ്പൂർമൂഴി യൂണിറ്റിൽ എത്തിച്ച് ജൈവവളമായി രൂപാന്തരപ്പെടുത്തുന്നുവെങ്കിലും വളത്തിന്റെ വിപണനം സാധ്യമാകുന്നില്ല. പ്രസ്തുത വളം വാങ്ങുന്നതിന് ആളുകൾ വിമുഖതകാണിക്കുന്നുവെന്നാണ് ഹരിതകർമ്മ സേനാംഗങ്ങളിൽ നിന്നും ലഭ്യമായ വിവരം. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന് നാളിതു വരെ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

വ്യാപാരി വ്യവസായികൾ, സ്കൂൾ കുട്ടികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. മാലിന്യ മുക്ത നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി മഹാശുചിത്വയജ്ഞം, കുട്ടികളുടെ ഹരിതസഭ, സ്കൂൾതല എൻ.എസ്.എസ്. കുട്ടികളുമായി ചേർന്ന് വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ, സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയിലൂടെ ഗ്രമസഭ മുഖേന അവബോധം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

6. തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മ സേനയുടെ ഭാഗമായി 17 വാർഡുകളിലായി നിലവിൽ 29 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി 8000 രൂപാ നിരക്കിലാണ് പ്രതിഫലം ലഭിക്കുന്നത്. ഓരോ വാർഡിലെയും യൂസർഫീസ് പിരിക്കുന്നതിലെ വ്യത്യാസമനുസരിച്ചും, സേനാംഗങ്ങൾ മാലിന്യശേഖരണം, തരംതിരിക്കൽ എന്നിവയിൽ ഏർപ്പെട്ടതിന്റെ ഹാജരിന്റെ അടിസ്ഥാനത്തിലും പ്രതിഫലത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഭവനങ്ങളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണത്തിലേക്ക് വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ തൊഴിലവസരങ്ങളും, സേനാംഗങ്ങൾക്ക് ഉയർന്ന വേതനവും ഉറപ്പാക്കുന്നതാണ്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധി കുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും സ്ഥിര വരുമാനം ഉറപ്പാക്കാനായിട്ടുണ്ട്.

7. അടിസ്ഥാന സൗകര്യ വികസനം

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു എം.സി.എഫ്, 17 മിനി എം.സി.എഫ്, ഒരു തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് എന്നിവയാണുള്ളത്. ഹരിതകർമ്മസേനയ്ക്ക് മാലിന്യ നീക്കത്തിന് സ്വന്തമായി ഇലക്ട്രിക് വാഹനം വാങ്ങി നൽകിയിട്ടുള്ളത് 2023-24 വർഷമാണ്. പ്രസ്തുത വാഹനം മാലിന്യശേഖരണത്തിന് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. മാലിന്യ സംഭരണത്തിനായി പിക്ക് അപ്പ് വാൻ വാടകയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഡ്രൈവിംഗ് പരിശീലനം ലഭിച്ച സേനാംഗമാണ് ഇലക്ട്രിക് വാഹനം ഡ്രൈവ് ചെയ്യുന്നത്. മാലിന്യം വീടുകളിൽ നിന്ന് ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിനാവശ്യമായ ചാക്ക്, ബാഗ് എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സൗകര്യം അനുവദിച്ച് നൽകിയിട്ടില്ല.

8. പാരിസ്ഥിതിക ആഘാതം

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനും 24.03.2023-ലെ ഡബ്ല്യു.എം.1/37/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പിഴ ഈടാക്കുന്നുണ്ട്. ഇത്തരത്തിൽ 2023-24 വർഷം 10000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിനും, തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിനും, കാലാകാലങ്ങളിൽ ക്ലീൻ കേരള കമ്പനി

റിസോഴ്സ് പേഴ്സൺ വഴി പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. സ്മാർട്ട് ഗാബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി കെൽട്രോണിൽ നിന്നുള്ള പരിശീലനവും നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ മാനദണ്ഡങ്ങൾ പാലിച്ചാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം നടക്കുന്നത്.

11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

എല്ലാ മാസവും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള അവലോകന യോഗത്തിൽ വാർഡ് മെമ്പർമാർ, കൺസോർഷ്യം ഭാരവാഹികൾ എന്നിവർ വാർഡ് തലത്തിൽ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും വാർഡിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൃത്യമായ മോണിറ്ററിംഗ്, ഹരിതകർമ്മസേനയുടെ കാര്യക്ഷമത ഉയർത്താൻ സഹായിച്ചിട്ടുണ്ട്.

1. അടിസ്ഥാന വിവരങ്ങൾ

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ ഒരു എം.സി.എഫ് പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഇട്ടിയപ്പാറ ബസ് സ്റ്റാൻഡിനു സമീപത്താണ് എം.സി.ഫ് സ്ഥിതി ചെയ്യുന്നത്. ഹരിതകർമ്മസേനാംഗങ്ങൾ 17 മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ബസ് സ്റ്റാൻഡിനു സമീപമുള്ള എംസി.എഫിൽ എത്തിക്കുകയും തുടർന്ന് തരംതിരിക്കൽ നടത്തുകയുമാണ് ചെയ്യുന്നത്. ജൈവമാലിന്യങ്ങൾ സമീപമുള്ള തുമ്പൂർമൂഴി മോഡൽ സംസ്കരണ കേന്ദ്രത്തിലേയ്ക്കും അജൈവമാലിന്യങ്ങൾ ക്ലീൻകേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടുപോകുന്നുണ്ട്. എം.സി.എഫിനോട് അനുബന്ധിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചിരുന്നെങ്കിലും 2018ലെ പ്രളയത്തിൽ മെഷീൻ കേടാവുകയും തുടർന്ന് പ്രവർത്തന രഹിതമാവുകയും ചെയ്തു. എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നതേയുള്ളു. ശുചീകരണമുറി, ഓഫീസ് സൗകര്യം എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. വൈദ്യുതി, കുടിവെള്ള സൗകര്യങ്ങൾ എം.സി.എഫിൽ ഒരുക്കിയിട്ടുണ്ട്. എട്ട് ബിന്നുകളോടുകൂടിയ തുമ്പൂർമൂഴി സംസ്കരണകേന്ദ്രത്തിൽ ജൈവമാലിന്യങ്ങളിൽ നിന്നും ജൈവവളം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ആയതിന്റെ വിപണനം നടക്കുന്നില്ല.നിലവിൽ ഉല്പാദിപ്പിച്ചിരിക്കുന്ന ജൈവവളം കൂട്ടിയിട്ടിരിക്കുകയാണ്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് പാഴ് വസ്തുക്കൾ MCF-ലേക്ക് ഹരിത കർമ്മ സേന കൈമാറ്റം ചെയ്യുന്നതിന്റെ കാര്യക്ഷമത പഞ്ചായത്ത് തലത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം വഴി ദൈനംദിന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണശേഷി

വാസഗൃഹങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിനും ആനുപാതികമായുള്ള മാലിന്യ സംഭരണ ശേഷി ഉറപ്പാക്കാൻ നടപടിസ്വീകരിച്ചിട്ടില്ല.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പാഴ്‌വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികളെപ്പറ്റി തസ്വഭവ ഡയറക്ടറുടെ വിവിധ സർക്കുലറുകളിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 02.02.2022 തീയതിയിലെ നം.ഡബ്ല്യു.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എം.സി.എഫുകളിൽ സ്ഥാപിക്കേണ്ട ഹൈഡ്രന്റ്, ഡീസൽ പമ്പ് എന്നിവ പഞ്ചായത്തിലെ എം.സി.എഫിൽ നിലവിലില്ല.

5. ശുചിത്വ മാനദണ്ഡങ്ങൾ

എം.സി.എഫ്. പരിസരം വൃത്തിയാക്കി സൂക്ഷിച്ചിട്ടില്ല. വൃത്തിഹീനമായ പരിസരം എലിപ്പനി, ഡെങ്കിപ്പനി പോലെയുള്ള സാംക്രമിക രോഗങ്ങളുടെ വ്യാപനത്തിന് കാരണമാകാം. പരിസരം ശുചിയായി സൂക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ തരം തിരിച്ചവയും, തരംതിരിക്കാത്തവയും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

6. യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്

ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ നം.ഡി.സി.1/282/20/തസ്വഭവ തീ. 29-07-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച്, ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. 2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് 457 കിലോഗ്രാം

ലെഗസി വേസ്റ്റ് കൈമാറിയ വകയിൽ 45700 രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി തരംതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറിയ വകയിൽ 22834 രൂപ ക്ലീൻകേരള കമ്പനിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

7. യൂസർ ഫീസ് പിരിവ്

ഹരിത കർമ്മ സേനയുടെ യൂസർ ഫീസായി വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് കളക്ട് ചെയ്യുന്നത്. ഹരിതകർമ്മ സേന കൺസോർഷ്യത്തിനുവേണ്ടി ഇൻഡ്യൻബാങ്കിന്റെ റാന്നി ശാഖയിലെ 6717187684-ാം നമ്പർ അക്കൗണ്ടിലൂടെയാണ് ഇടപാടുകൾ നടത്തുന്നത്. യൂസർഫീസിന്റെ 10% കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നിലനിർത്തി, ബാക്കി തുക അംഗങ്ങളുടെ മാലിന്യ ശേഖരണത്തിന്റേയും തരംതിരിക്കലിന്റേയും പ്രവർത്തനങ്ങളിലെ ഹാജരിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുകയാണ് ചെയ്യുന്നത്. 31.03.2023-ലെ സ.ഉ.(സാധാ)നം.789/2023/തസ്വഭവ ഉത്തരവ് പ്രകാരം ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീസ് നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ സാധ്യത പഞ്ചായത്ത് പരിഗണിച്ചിട്ടില്ല.

പരിമിതികൾക്കിടയിലും ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- യൂസർ ഫീസ് കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ് . യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കാൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനവും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനാവാത്തതിനാൽ ഹരിത കർമ്മസേനാംഗങ്ങൾ പിൻവലിയുന്ന സാഹചര്യമുണ്ട്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ്വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റുമുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- ശുചിമുറി, വിശ്രമമുറി, വസ്ത്രം മാറുന്നതിനുള്ള മുറി, വാട്ടർ ടാങ്ക് മുതലായ അടിസ്ഥാന സൗകര്യം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.
- ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്ന് വൈദ്യുതീകരണത്തിനുള്ള പൈപ്പ് നിർമ്മിക്കാനുള്ള യൂണിറ്റ് സ്ഥാപിക്കൽ പോലെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
- വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്ന വേളയിൽ മാലിന്യസംസ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ സിസിടിവി സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- 25.05.2024ലെ സ.ഉ.(സാധാ)നം.912/2024/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന നടപടി ക്രമങ്ങളുടെ മാതൃകയിൽ എം.സി.എഫിന്റെ പ്രവർത്തനം നടപ്പാക്കേണ്ടതാണ്
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതിരൂപീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

- ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- ഉല്പാദിപ്പിക്കപ്പെടുന്ന ജൈവവളം പോലെയുള്ള ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് കമ്പ്യൂട്ടർ സാക്ഷരത നിർബന്ധമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നമ്പർ	സംയുക്ത പദ്ധതിയുടെ പേര്, നമ്പർ	ലഭിച്ച തുക		ചെലവ്	നീക്കിയിരുപ്പ്
		ബ്ലോക്ക് പഞ്ചായത്ത് വിഹിതം	ജില്ലാപ്പഞ്ചായത്ത് വിഹിതം		
1	ലൈഫ് ഭവന നിർമ്മാണം എസ്.സി (47/24)	1380000	0	1380000	0
2	ലൈഫ് ഭവന നിർമ്മാണം ജനറൽ (46/24)	118000	0	118000	0
3	ഭിന്നശേഷി സ്കോഷർഷിപ്പ് (30/24)	200000	100000	300000	0
4	അംഗനവാടി പോഷകാഹാര പദ്ധതി (31/24)	242611	0	242611	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രോജക്റ്റ് നം, പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക	റിമാർക്സ്
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	വിവിധ വാർഡുകളിൽ കുഴൽ കിണർ മെയിന്റനൻസ്, 37/24	80000	0	8000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം, 77/24	915000	0	915000	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	കുഴൽ കിണർ നിർമ്മാണം, 175/24	287000	0	287000	വിനിയോഗ സാക്ഷ്യപത്രം

					ലഭ്യമായിട്ടില്ല.
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, 327/24	8902	0	8902	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിൽ വായ്പ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക, തൻവർഷം ലഭിച്ച തുക, തൻവർഷം തിരിച്ചടച്ച തുക, വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക എന്നിവ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര് /ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് മിഷൻ ഭവന നിർമ്മാണം	2878703		838478		2040225

4-5 സ്ഥിരനിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	വൗച്ചർ നമ്പർ/തിയതി
2023-24	ഭാഗം-1 നീരെറ്റുകാവ്-സമിതിപ്പടി റോഡ് മെയിന്റനൻസ് ഫൈൻ	1268	അരുൺ ജോസഫ്, കരാറുകാരൻ	1230103508/20-10-23

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	2-14	2006-07		ബി ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല	പരാമർശം നിലനിൽക്കുന്നു
2001-02	2-24	2006-07		തനത് ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല	പരാമർശം നിലനിൽക്കുന്നു
2014-15	2-8	2016-17	അനുബന്ധം 2	വസ്തു നികുതി പിരിവിലെ അപാകതകൾ	പരാമർശം നിലനിൽക്കുന്നു
2015-16	2-7	2016-17	അനുബന്ധം 2	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	പരാമർശം നിലനിൽക്കുന്നു
2016-17	3-1	2017-18	1.3.4	ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	111567754
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	56943943
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97 (ചെലവ്)	എൽ.എഫ്.പിറ്റിഎ/പി4/340/98 തീയതി 10.2.1999	2 (2-8, 2-9)
2000-01 (ജനകീയാസൂത്രണം)	എൽ.എഫ്.പി.റ്റി.എ. പി4/90/04/10.08.04 /14.01.2005	1 (1-15)
2000-01 (ചെലവ്)	എൽ.എഫ്.പി.റ്റി.എ. പി4/81 /06/08.08.2006/07.07.2007	2 (2-14, 2-18)
2001-02 (ജ.ആ ഒഴികെയുള്ള ചെലവ്)	എൽ.എഫ്.പിറ്റിഎ/പി4/82/06 തീയതി 31.8.2006	3 (2-12, 2-16, 2-24)
2003-04	എൽ.എഫ്.പിറ്റിഎ/പി5/360/09 തീയതി 4.7.2010/ 22.3.2011	3 (3-3, 3-9, 3-10)
2004-05	എൽ.എഫ്.പിറ്റിഎ/പി8/944/10 തീയതി 24.6.2011/ 29.7.2011	3 (2-1, 3-2, 3-8)
2005-06	എൽ.എഫ്.പിറ്റിഎ/പി8/945/10 തീയതി 24.6.2011/ 29.7.2011	3 (3-1, 3-2, 3-3)
2006-07	എൽ.എഫ്.പിറ്റിഎ/പി6/571/12 തീയതി 6.7.2012/ 4.7.2013	4 (3-5, 3-9, 3-10, 3-11)
2007-08	എൽ.എഫ്.പിറ്റിഎ/പി6/567/12 തീയതി 3.9.2012/ 4.7.2013	6 (3-1, 3-2, 3-3, 3-4, 3-5, 3-11)
2009-10	എൽ.എഫ്.പിറ്റിഎ/പി6/569/12	2 (3-1, 3-7)

	തീയതി 1.8.2012/ 4.7.2013	
2011-12 & 2012-13	എൽ.എഫ്.പിറ്റിഎ/പി6/411/14 തീയതി 7.6.2014/ 4.6.2015	3 (2-5, 3-7, 3-8)
2013-14 & 2014-15	എൽ.എഫ്.പിറ്റിഎ/പി6/166/16 തീയതി 16.3.2016	11 (3-1, 3-2, 3-3, 3-6, 3-7, 3-9, 3-10(2)എ,ബി, 3-10 (2) സി, 3-12, 3-13, 3-14
2015-16	കെ.എസ്.എ.പിറ്റിഎ/പി6/1211/16 തീയതി 21.11.2016	9 (2-2(3), 2-2(4), 2-9, 3-2, 3-3, 3-4, 3-6, 3-11)
2016-17	കെ.എസ്.എ.പിറ്റിഎ. പി6/1109/17 തീയതി 16.09.2017/ 21.11.2017	7 (2-1, 2-4, 2-5, 3-1, 3-7, 3-10, 3-13)
2017-18	കെ.എസ്.എ.പിറ്റിഎ. പി6/266/19 തീയതി 18.5.2019	16 (2-2(എ, സി), 2-4, 2-7, 2-8, 3-1, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15)
2018-19	കെ.എസ്.എ.പിറ്റിഎ. പി6/711/19 തീയതി 22.5.2020	13 (2-8, 2-11, 2-12, 3-1, 3-3, 3-4, 3-8, 3-9, 3-12, 3-14, 3-18, 3-19, 4-2)
2019-20	കെ.എസ്.എ.പിറ്റിഎ. പി6/239/22 തീയതി 11.3.2022	7 (1-11, 1-13, 1-15, 1-16, 1-17, 1-21, 4-2)
2020-21	കെ.എസ്.എ.പിറ്റിഎ. പി10/240/22 തീയതി 16.3.2022	21 (1-11, 1-12, 1-13, 1-15 To 1-21, 1-23, 1-24, 1-25, 1-28 To 1-31, 1-33, 1-34, 3-1, 4-2)
2021-22	കെ.എസ്.എ.പിറ്റിഎ.പി6/927/22 തീയതി 05.11.2022	18 (1-12, 1-13, 1-15 To 1-24, 1-26, 1-28, 1-29, 4-2, 4-7, 4-10)
2022-23	കെ.എസ്.എ.പിറ്റിഎ.പി6/1096/ 2023 തീയതി 22/11/2023	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2024 and submitted on 27-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the RANNI PAZHAVANGADY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of RANNI PAZHAVANGADY Grama Panchayat as on 31-03-2024

Date: 07/10/2024

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of RANNI PAZHAVANGADY Grama Panchayat for the Year 2023-2024 .

1.Major Observations

1. Account number 67090978699 has been opened in State Bank of India for PANCHYAT YUVA KRIDA KHEL ABHIYAN Fund (PYKKA). As on 31.03.2024 this account has balance of â'364898. This amount is not included in Schedule B-4.

2.Other Observations

1. All the mandatory financial statements prescribed in the accounting rules are not included in the AFS

2. Cash Flow Statement âÂÂÂÂ Net increase in cash flow does not match with the difference between opening balance
and closing balance of cash and cash equivalents.

3. Monthly Bank Reconciliation statement not prepared.

4. Payments are not included the respective payment head.

5. Demand register of Licence Fee doesn't match with the AFS.

6. Advance register and loan register are not properly maintained.

7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. No source document for journel vouchers.

9. No monthly reconciliation of DCB Registers and Ledger balances.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്